# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II
## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

## പീരിയോഡിക്കൽ റിപ്പോർട്ട്
**(2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM Ist APRIL 2018 TO 31st MARCH, 2019)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2019 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്
(Presented on 2nd July 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

# ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASWOM)

പീരിയോഡിക്കൽ റിപ്പോർട്ട്

(2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT FROM Ist APRIL 2018 TO
31st MARCH, 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct
of Business in the Kerala Legislative Assembly]

734/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 33 |

# സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും
## (2019-2021)

### ഘടന

<u>ചെയർമാൻ:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. അടൂർ പ്രകാശ്

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II (2016-2018)-ന്റെ കാലയളവ് പൂർത്തീകരിച്ചതിനെ തുടർന്ന് 7-1-2019-ലെ 598-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം സബ്ജക്ട് കമ്മിറ്റി II (2019-2021) രൂപീകൃതമായി. പ്രസ്തുത കമ്മിറ്റികൾ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 10-4-2018, 29-5-2018, 11-6-2018, 18-6-2018, 19-6-2018, 25-7-2018, 11-9-2018, 31-10-2018, 18-2-2019, 6-3-2019, 14-3-2019 എന്നീ തീയതികളിലായി 11 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, ബില്ലുകൾ, 2017-18-ലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, 235(എ) പ്രകാരം വിവിധ വിഷയങ്ങളിന്മേലുള്ള ചർച്ച, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയതിന്റെ കരട് റിപ്പോർട്ട് പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 57% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I — സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II — സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III — സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV — നിയമസഭാ ചട്ടം 235(എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V — സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI — (a) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII — സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2019 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2019 ജൂലൈ 1.

## അദ്ധ്യായം I

# സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 29-5-2018-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 20-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 11-6-2018-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 20-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

# സമിതി പരിശോധിച്ച ബില്ലുകൾ

(1) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 11-6-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 12-6-2018-ന് സഭയിൽ സമർപ്പിച്ചു.

(2) 2018-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 11-6-2018, 18-6-2018, 19-6-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 20-6-2018-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

# സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

**കരട് ചട്ടങ്ങൾ:**

1) കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ അമെന്റ്മെന്റ് റൂൾസ്, കരട് ചട്ടം 10-4-2018-ലെ യോഗം പരിഗണിക്കുകയും ആയത് കൂടുതൽ ചർച്ചകൾക്കായി മാറ്റിവയ്ക്കുകയും ചെയ്തു.

(2) 2018-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടങ്ങളുടെ കരട്, 31-10-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഒരു ജില്ലയിൽ ഫണ്ട് ധാരാളം ഉണ്ടാവുകയും മറ്റ് ജില്ലകളിൽ അത്രയും വരുമാനം ഇല്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഫണ്ട് കൂടുതലുള്ള ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലെ നദീതീര സംരക്ഷണ പദ്ധതികൾക്ക് പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി തുക അനുവദിക്കാവുന്ന രീതിയിൽ '22(എ)'-യിൽ ഭേദഗതി വരുത്തി പ്രസ്തുത കരട് ചട്ടം പുനഃസമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

**എസ്.ആർ.ഒ.കൾ:**

(1) കേരള സർവ്വീസ് ഇനാം ലാന്റ്സ് (വെസ്റ്റിംഗ് & എൻഫ്രാഞ്ചൈസ്മെന്റ്) അമെന്റ്മെന്റ് റൂൾസ്, 2017 (എസ്.ആർ.ഒ. നമ്പർ 427/2017), 10-4-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(2) കേരള സർവ്വേ & ബൗണ്ടറീസ് (അമെന്റ്മെന്റ്) റൂൾസ്, 2017 (എസ്.ആർ.ഒ. നമ്പർ 772/2017), 10-4-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(3) കേരള സർവ്വീസ് ഇനാം ലാന്റ്സ് (വെസ്റ്റിംഗ് & എൻഫ്രാഞ്ചൈസ്മെന്റ്) അമെന്റ്മെന്റ് റൂൾസ്, 2018 (എസ്.ആർ.ഒ. നമ്പർ 25/2018), 29-5-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(4) കേരള ലാന്റ് അസൈൻമെന്റ് (അമെന്റ്മെന്റ്) റൂൾസ്, 2017 (എസ്.ആർ.ഒ. നമ്പർ 621/2017), 25-7-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(5) കേരള ലാന്റ് അസൈൻമെന്റ് (അമെന്റ്മെന്റ്) റൂൾസ്, 2018 (എസ്.ആർ.ഒ. നമ്പർ 66/2018), 25-7-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

<u>അദ്ധ്യായം IV</u>

## നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 'പാട്ടക്കുടിശ്ശികയിനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക',

'വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി' എന്നീ വിഷയങ്ങൾ യഥാക്രമം 25-7-2018, 11-9-2018 തീയതികളിലെ സമിതി യോഗങ്ങളിൽ പരിഗണിക്കുകയും പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

<u>അദ്ധ്യായം V</u>

## സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| VI—ഭൂനികുതി<br>XI—ജില്ലാഭരണവും പലവകയും | 2013-14<br>2014-15 | റവന്യൂ | 20-6-2018 |
| XVI—പെൻഷനും പലവകയും | 2017-18 | റവന്യൂ | 20-6-2018 |
| XXVI—പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 2015-16 | ദുരന്തനിവാരണ വകുപ്പ് | 6-12-2018 |

<u>അദ്ധ്യായം VI</u>

(a) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 21 | 2, 3, 9-18 | 1, 4 -8, 19-21 | 9 |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ

റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

## 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2529/സബ്.സി.ബി.1/2017/നി.സെ.)

<u>ശിപാർശ</u>

കണ്ണാടി സർവ്വേയുമായി ബന്ധപ്പെട്ട് ആധുനിക സർവ്വേ ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുന്ന മലമ്പ്രദേശങ്ങളിലും നിരപ്പ് കുറഞ്ഞ പാതകളിലും ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യമുണ്ടെന്നും ആയതിനാൽ കാര്യക്ഷമതയുള്ള വാഹനങ്ങൾ ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾക്ക് പകരം പുതിയ അഞ്ച് വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 33.5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 2017-18 സാമ്പത്തിക വർഷം വാഹനം വാങ്ങുന്നതിന് തുക ലഭ്യമായിട്ടില്ല.

(റഫറൻസ് നമ്പർ REV./E1/384/2017, 31-7-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സർവ്വേയും ഭൂരേഖയും വകുപ്പിലെയും റവന്യൂ വകുപ്പിലെയും സൂപ്പർവൈസറി തസ്തികയിലെ ജീവനക്കാർക്ക് CUG (Closed User Group) മൊബൈൽ കണക്ഷൻ ലഭ്യമാക്കേണ്ടതാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

സർവ്വേയും ഭൂരേഖയും വകുപ്പിലെ ജീവനക്കാർക്ക് CUG (Closed User Group) മൊബൈൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടില്ല

(റഫറൻസ് നമ്പർ REV-EI/384/2017, 31-7-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

സർവ്വേ വകുപ്പിൽ നിലവിലുള്ള 28 വാഹനങ്ങളിൽ 8 വാഹനങ്ങൾ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളവയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾക്ക് പകരം പുതിയ രണ്ട് വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 13.4 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

പുതിയ വാഹനം വാങ്ങുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും തുക അനുവദിച്ചിരുന്നില്ല.

(റഫറൻസ് നമ്പർ REV-EI/384/2017, 31-7-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കൊച്ചി ദേവസ്വത്തിന്റെ കീഴിൽ വരുന്ന 8 പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം പദ്ധതിയുടെ ചുവട് പിടിച്ച് ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 999.9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും അധികം തുകയൊന്നും അനുവദിച്ചിട്ടില്ല. പുതിയ ഭരണാനുമതി സഹിതം അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിക്കാനാണ് ധന വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത്.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ അതാത് പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പരിഹാരം കാണുന്നതിനും ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും, കുളങ്ങളും, ആൽത്തറകളും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സർക്കാരിന്റെ ഹരിതകേരളം പദ്ധതിയിൽ ഇക്കാര്യത്തിന് മുൻഗണന ലഭിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരുന്നതും സ്വകാര്യക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഇവയുടെ സംരക്ഷണത്തിനായി 900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രനിധിയിൽ 5163 അംഗങ്ങളുള്ളതിൽ നിലവിൽ 963 അംഗങ്ങൾക്ക് പെൻഷനും 317 പേർക്ക് കുടുംബപെൻഷനും നൽകി വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ക്ഷേത്ര എക്സിക്യൂട്ടീവ് ഓഫീസർമാർ ക്ഷേത്രഭരണം നിയന്ത്രിക്കുന്നവരാകയാൽ ഇവരുടെ പെൻഷൻ ക്ഷേത്രജീവനക്കാരുടേതിന് സമാനമായിരിക്കുന്നതിൽ അനൗചിത്യമുള്ളതിനാൽ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ 3,000 രൂപയിൽ നിന്ന് 6,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുക

വകയിരുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത എന്നിവയിലും വർദ്ധനവ് ഉണ്ടായിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് ഈ ആവശ്യത്തിലേയ്ക്കായി 199.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

2017-18 വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമ നിധിയിലേയ്ക്ക് നൽകുന്ന സംഭാവന ക്ഷേമ നിധിയിലേയ്ക്കുള്ള ക്ഷേത്രവിഹിതത്തിന്റെ അടിസ്ഥാനത്തിലാണോ, ഓരോ ക്ഷേത്രവും അടയ്ക്കുന്ന വിഹിതം, ഇതുവരെ അടച്ച വിഹിതം എന്നീ വിവരങ്ങൾ പരിശോധിച്ച ശേഷം തുക അനുവദിക്കാവുന്നതാണ് എന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 367 കോലധാരികൾക്ക് 700 രൂപ നിരക്കിലും 1704 ആചാര്യസ്ഥാനികർക്ക് 800 രൂപ നിരക്കിലും ധനസഹായം വിതരണം ചെയ്യുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. പുതുതായി ലഭിച്ചിട്ടുള്ള ആചാര സ്ഥാനികരുടെ 1524 അപേക്ഷകളും കോലധാരികളുടെ 142 അപേക്ഷകളും കൂടി ഈ വർഷം പരിഗണിക്കേണ്ടതിനാൽ ഈ ഇനത്തിൽ 375 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

81,72,000 രൂപ അധികമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും TSB അക്കൗണ്ടിൽ ഇട്ട തുക സർക്കാർ തിരിച്ചുപിടിക്കുകയുണ്ടായി. തുടർന്ന് 50% തുക അനുവദിച്ച നൽകാൻ സർക്കുലർ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ആരംഭിച്ചിട്ടുള്ള ക്ഷേത്രകലാ അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായി 495 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

നിർത്തലാക്കപ്പെട്ട എച്ച്.ആർ.ആന്റ്.സി.ഇ. വകുപ്പിലെ ജീവനക്കാർ മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നതെന്നും നിലവിൽ അവരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ എച്ച്.ആർ.ആന്റ്.സി.ഇ. വകുപ്പിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് 849.99 ലക്ഷം രൂപ 2250-00-103-87-31 സഹായധനം-ശമ്പളം എന്ന ശീർഷകത്തിൽ നിന്നും 2250-00-102-99-01 ശമ്പളം എന്ന ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ മാറ്റി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

2017-18 വർഷം തുക അനുവദിക്കാനായില്ല. 2018-19 ലെ ശീർഷകത്തിൽ നിന്നും 5 കോടി രൂപ ചെലവഴിച്ച് ശമ്പളം ട്രഷറി വഴി നൽകുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ക്ഷേത്ര ഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ്, ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ ഗ്രാന്റ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 705 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2017-18 വർഷം തുക അനുവദിക്കാനായില്ല. എന്നാൽ 2018-19-ൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 7 കോടി രൂപ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

തിരുവനന്തപുരം എസ്.എം.വി. സ്കൂളിലെ ബാലഗണപതി ക്ഷേത്രത്തിലെ പതിവ് പൂജാരിയുടെ പ്രതിമാസ ഹോണറേറിയം നിലവിൽ 1,000 രൂപയാണെന്നും ക്ഷേമ പെൻഷനുകൾ പോലും പ്രതിമാസം 1,100 രൂപയാക്കി ഉയർത്തിയ സാഹചര്യത്തിൽ ഹോണറേറിയം വർദ്ധിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ 12,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിലവിൽ നാമമാത്രമായ ഉദ്യോഗസ്ഥർ മാത്രമേ സേവനമനുഷ്ഠിക്കുന്നുള്ളുവെങ്കിലും ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകളിൽ

പരീക്ഷ നടത്തി ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ ശമ്പള ചെലവിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ അധിക തുക അനുവദിക്കേണ്ടതായി വന്നില്ല

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ വിവിധ തസ്തികകളിലേയ്ക്ക് പരീക്ഷ നടത്തുന്നതിനും ജീവനക്കാരുടെ ശമ്പളേതര ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

ശബരിമലയിലും എരുമേലിയിലും മറ്റ് പരിസര പ്രദേശങ്ങളിലും വിവിധ ഏജൻസികൾ മുഖേന നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ ഏകോപിപ്പിക്കുന്നതിനും മുന്നോട്ടുപോകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

ശബരിമല ശുചീകരണ പദ്ധതിയ്ക്കുള്ള ധനസഹായം ഇനത്തിൽ സാമ്പത്തിക വർഷം 2215-02-105-95 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ആകെ 1,15,91,000 രൂപ വകയിരുത്തിയിരുന്നു. ഇത് കൂടാതെ 1.5 കോടി രൂപകൂടി അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചിരുന്നു.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

കേരള ഭൂസംരക്ഷണ നിയമ പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന കാലഘട്ടം വരെയുള്ള സംരക്ഷണ ചെലവ്, പൊതുകാര്യത്തിന് ലാൻഡ് ബോർഡ് ഉത്തരവ് പ്രകാരം റിസർവ് ചെയ്യപ്പെടുന്ന ഭൂമിയുടെ സ്ഥായിയായ സംരക്ഷണച്ചെലവ്, സർവ്വേ നടത്തുന്നതിനുള്ള ചെലവ് എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്ത മിച്ചഭൂമികളുടെ സംരക്ഷണച്ചെലവിനായുള്ള 3475-00-201-89 എന്ന ശീർഷകത്തിലെ 2017-2018 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 1,000 രൂപയായിരുന്നു. അധിക ധനാനുമതി പ്രകാരം 53,80,000 രൂപ ലഭിച്ചതിൽ 13,60,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-2019 ബഡ്ജറ്റിൽ വിഷയനിർണ്ണയ സമിതി ശിപാർശ പ്രകാരമുള്ള 20,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(റഫറൻസ് നമ്പർ എൻ1/249/റവന്യൂ, 7-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയത് കൊണ്ട് നഷ്ടം സഹിക്കേണ്ടിവന്ന ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റ് സാമ്പത്തിക സഹായം നൽകുന്നതിനുമാണ് ഈ തുക വിനിയോഗിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. 1-9-2014-ലെ ജി.ഒ. (എംഎസ്.) 380/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ജന്മി പെൻഷൻ 1,500 രൂപയിൽ നിന്നും 3,000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകുമെന്നതിനാൽ പുതുക്കിയ നിരക്കിൽ ജന്മി പെൻഷൻ വിതരണം ചെയ്യുന്നതിന് 41.76 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയത് കൊണ്ട് നഷ്ടം നേരിടേണ്ടിവന്ന മുൻജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനായി 3475-00-201-93 എന്ന ശീർഷകത്തിൽ 2017-2018 സാമ്പത്തിക വർഷം 18,00,000 രൂപയാണ് ബഡ്ജറ്റ് വിഹിതം. എന്നാൽ പെൻഷൻ 1,500-ൽ നിന്നും 3,000 രൂപയായി വർദ്ധിപ്പിച്ചത് നിമിത്തം അധിക ധനാനുമതി പ്രകാരം 21,96,000 രൂപ ലഭിച്ചതിൽ 36,44,000 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. വിഷയ നിർണ്ണയ സമിതി ടി ശീർഷകത്തിൽ 41.76 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2018-2019 ബഡ്ജറ്റിൽ 39,96,000 രൂപ വകയിരുത്തിയിട്ടുണ്ട്. ജന്മിമാർ മരണപ്പെട്ടുപോയതിനാൽ ടി തുക പര്യാപ്തമാണ്.

(റഫറൻസ് നമ്പർ എൻ1/249/2017/റവന്യൂ, 7-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ ട്രൈബ്യൂണലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ടോക്കൺ പ്രൊവിഷൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

ഈ വർഷം ദേവസ്വം ട്രൈബ്യൂണൽ ആക്ട് പുറപ്പെടുവിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഈ സാഹചര്യത്തിൽ 2019 വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നതിന് ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യുന്നതാണ്.

(റഫറൻസ് നമ്പർ 457/ദേവ. 2/2018, 10-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

## 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3409/സബ്.സി.ബി1/2015/നി.സെ.)

<u>ശിപാർശ</u>

വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ഘട്ടംഘട്ടമായി റവന്യൂ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പാക്കുന്നതിനും സ്മാർട്ട് വില്ലേജ് ഓഫീസുകൾ സ്ഥാപിക്കുന്നതിനും വകയിരുത്തിയിട്ടുള്ള 5 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല.

(റഫറൻസ് നമ്പർ എഫ്2/373/2017-റവന്യൂ, 24-4-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-6-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ വില്ലേജ് ആഫീസുകളുടെ നവീകരണത്തിനും കുടിവെള്ള വിതരണത്തിനുമായി കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല.

(റഫറൻസ് നമ്പർ എഫ്2/373/2017-റവന്യൂ, 24-4-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-6-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2015-ാമാണ്ടോടെ കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി അർഹതയുള്ള ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമിക്ക് പുറമെ, മിച്ചഭൂമി ഇല്ലാത്ത ജില്ലകളിൽ ഭൂമി വിലയ്ക്കുവാങ്ങുന്നതിനും പദ്ധതിക്കായി കണ്ടെത്തിയ ഭൂമിയിൽ എത്തിച്ചേരുന്നതിനുള്ള വഴിക്കായി ഭൂമി വാങ്ങുന്നതിനുമായി വകയിരുത്തിയ 6 കോടി രൂപ അപര്യാപ്തമായതിനാൽ 44 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'-ക്ക് 2018-19 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പട്ടികയും, വിവരങ്ങളും കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്തിൽ നിലവിൽ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത, ഭവനരഹിതരുടെ പട്ടിക എന്നിവ അടിസ്ഥാന രേഖയായി പരിഗണിച്ച് ഭവനരഹിതർക്ക് മാന്യവും സുരക്ഷിതത്വവുമുള്ള ഭവനത്തോടൊപ്പം ജീവനോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനമൊരുക്കുന്നതിനായി നിലവിൽ സർക്കാർ ലൈഫ് മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിനാൽ നിലവിലുള്ള പദ്ധതികൾ പ്രകാരം അർഹരായ ഭൂരഹിത, ഭവനരഹിതരെല്ലാം ലൈഫ് മിഷൻ പദ്ധതിയിൽ ആനുകൂല്യത്തിനർഹരാണ്. നിലവിൽ ടി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചവരെ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി 'ലൈഫ് മിഷൻ' പരിഗണിക്കുന്നുണ്ട്.

(റഫറൻസ് നമ്പർ എ 4/88/2017/REV, 25-6-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനായി ആയിരം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കോന്നി താലൂക്ക് ഓഫീസിന്റെ അടിസ്ഥാനസൗകര്യത്തിനായി കൊടുത്തുതീർക്കാനുള്ള തുകയും സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം തിരുവനന്തപുരം ജില്ലയിൽ പുതിയതായി അനുവദിക്കാനുദ്ദേശിക്കുന്ന റവന്യൂ ഡിവിഷന്റെ അടിസ്ഥാന സൗകര്യത്തിനുമായി ഒരു കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

കോന്നി താലൂക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2015-16 സാമ്പത്തിക വർഷം 30,22,000 രൂപ ചെലവഴിക്കുകയുണ്ടായി. 2015-16 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖേന ഒരു കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല എന്നാൽ 2016-17 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(റഫറൻസ് നമ്പർ എഫ്2/373/2017/റവന്യൂ, 24-4-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-6-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ ഹൗസിംഗ് ബോർഡ് കെട്ടിടം നിർമ്മിച്ച ശേഷം അവിടെ താലൂക്ക് ഓഫീസും മറ്റ് ഓഫീസുകളും പ്രവർത്തിക്കുന്നതിന് വാടക ഈടാക്കുന്ന ഹൗസിംഗ് ബോർഡിന്റെ നടപടി ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയാണ് ഭവനനിർമ്മാണത്തിന് നൽകിയിട്ടുള്ളത് എന്നതിനാൽ റവന്യൂ വകുപ്പിന്റെ ഓഫീസുകളെ വാടകയിൽനിന്നും ഒഴിവാക്കുന്നതിലും റവന്യൂ ഭൂമിയിൽ നിർമ്മിച്ച കെട്ടിടം ബാദ്ധ്യത തീർത്ത് സർക്കാരിന് കൈമാറുന്ന സമയം, ടി കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന റവന്യൂ ഓഫീസുകൾക്ക്

സൗജന്യനിരക്കിലുള്ള ഒരു തുക നിശ്ചയിച്ച് KSHB-യും സർക്കാരുമായി കണക്കുകൾ ക്രമപ്പെടുത്താവുന്ന കാര്യത്തിന്മേലും വാടക കുടിശ്ശികയുടെ പലിശ ഒഴിവാക്കുന്ന വിഷയത്തിലും ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(റഫറൻസ് നമ്പർ എഫ്2/373/2017/റവ., 24-4-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-6-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ഭൂമിയിൽ സർക്കാർ ഓഫീസുകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും പ്രവർത്തിക്കത്തക്ക വിധമുള്ള കെട്ടിടങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി. മോഡൽ) നിർമ്മിച്ച് വാണിജ്യ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകി സർക്കാരിന് വരുമാനമുണ്ടാക്കുന്ന പദ്ധതിക്ക് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കാര്യം വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ എഫ്2/373/2017/റവന്യൂ, 24-4-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 19-6-2018-ന് സഭയിൽ സമർപ്പിച്ചു.)

## 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3162/സബ്.സി.ബി1/2014/നി.സെ.)

<u>ശിപാർശ</u>

റവന്യൂ വകുപ്പിലെ കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപ്പണികൾക്ക് ബഡ്ജറ്റിൽ സാധാരണയായി തുക വകയിരുത്താറില്ലാത്തതിനാൽ നാഷണൽ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഫണ്ടാണ് ഇതുവരെ ഈ ആവശ്യത്തിലേയ്ക്കായി വകമാറ്റി ചെലവഴിച്ചിരുന്നത്. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം അനുസരിച്ച് വാർഷിക അറ്റകുറ്റപ്പണികൾക്ക് അതിൽ നിന്നും തുക നൽകാൻ സാധിക്കില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം ബഹു. കമ്മിറ്റി ശിപാർശ ചെയ്ത ഒരു കോടി രൂപ അധിക ധനാനുമതിയായി ലഭിച്ചിരുന്നു.

(റഫറൻസ് നമ്പർ P ജി1/313/2017/റവ., 6-3-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 4-4-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

സംസ്ഥാനത്തെ വില്ലേജ് ആഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സ്വന്തമായി വാഹനമില്ലാത്ത എല്ലാ വില്ലേജ് ആഫീസ് ജീവനക്കാർക്കും സ്ത്രീ ജീവനക്കാർക്കും കൂടി ഉപയോഗിക്കത്തക്ക വിധത്തിലുള്ള ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും ഇതുവരെ ആയത് അനുവദിച്ചിട്ടില്ല. അതിനാൽ ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിലേക്കായി ഈ ശീർഷകത്തിൽ 9 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വന്തമായി വാഹനമുള്ള വില്ലേജ് ആഫീസർമാർക്ക് ഇന്ധനച്ചെലവിനുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി ഈ ശീർഷകത്തിൽ ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചമല്ലാത്തതിനാൽ സംസ്ഥാനത്തെ എല്ലാ വില്ലേജ് ആഫീസുകളിലും ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കണമെന്ന നിർദ്ദേശം സർക്കാരിന് പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. മേൽപ്പറഞ്ഞ നിർദ്ദേശം പരിഗണിക്കുന്ന മുറയ്ക്ക് ഇന്ധനച്ചെലവിനുള്ള തുക അനുവദിക്കണമെന്ന നിർദ്ദേശം പരിഗണിക്കുന്നതാണ്.

(റഫറൻസ് നമ്പർ P ജി1/313/2017/റവ., 6-3-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 4-4-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ആദ്യ പടിയായി ഒരു ലക്ഷം പേർക്ക് 3 സെന്റ് ഭൂമി വീതം നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര ഗവൺമെന്റിൽ നിന്നും പ്രസ്തുത പദ്ധതിക്കായി ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ

2015-ഓടുകൂടി പദ്ധതി പൂർത്തിയാക്കുന്നതിനായി 100 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അതിനാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ബാക്കി 90 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പൂർത്തീകരണത്തിനായി 90 കോടി രൂപ കൂടി അനുവദിക്കണമെന്നതാണ് ശിപാർശ. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക-സാമ്പത്തിക ജാതി സെൻസസിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പട്ടികയും വിവരങ്ങളും, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്തിൽ നിലവിൽ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത, ഭവനരഹിതരുടെ പട്ടിക എന്നിവ അടിസ്ഥാന രേഖയായി പരിഗണിച്ച് ഭവന രഹിതർക്ക് മാന്യവും സുരക്ഷിതത്വവുമുള്ള ഭവനത്തോടൊപ്പം ജീവനോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനമൊരുക്കുന്നതിനായി നിലവിൽ സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി (LIFE) ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(റഫറൻസ് നമ്പർ എ 4/56/2017/REV., 12-6-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

റവന്യൂ വകുപ്പിൽ ഇപ്പോൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ മിക്കവയും വളരെ കാലപ്പഴക്കമുള്ളതും അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തവയുമാണ്. ഇക്കാരണത്താൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയതിനാൽ പ്രസ്തുത വിഷയത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് പഴയ വാഹനങ്ങൾ കണ്ടം ചെയ്ത് 45 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 2,92,50,000 രൂപ ആവശ്യമുണ്ട്. കൂടാതെ ശബരിമല സീസണോടനുബന്ധിച്ച് ചെലവ് വരുന്ന തുകയും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ജില്ലകളിൽ ചെലവായ തുകയും കൊടുത്ത് തീർക്കുന്നതിലേയ്ക്കും ആവശ്യമായ തുകയുൾപ്പെടെ 5.24 കോടി രൂപ മേൽപ്പറഞ്ഞ രണ്ട് ശീർഷകങ്ങളിലും കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

റവന്യൂ വകുപ്പിൽ വാഹനങ്ങൾ വാങ്ങുന്നതിന് 2014-15 വർഷം 1,44,84,000 രൂപയും (ഒരു കോടി നാൽപ്പത്തിനാല് ലക്ഷത്തി എൺപത്തി നാലായിരം രൂപ മാത്രം) ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ചെലവുകൾക്കായി 83,11,000 രൂപയും (എൺപത്തി മൂന്ന് ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം) അനുവദിച്ചിരുന്നു.

(റഫറൻസ് നമ്പർ എഫ്2/215/2017/റവ., 10-1-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 4-4-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന 12 താലൂക്കുകളുടെ പ്രവർത്തനങ്ങൾക്കും റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടനയുമായി 1.34 കോടി രൂപയും പുതിയതായി ആരംഭിക്കുന്ന 30 വില്ലേജുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1,33,24,500 രൂപയും ആവശ്യമായി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ മേൽ പറഞ്ഞ രണ്ട് പ്രവർത്തനങ്ങൾക്കായി 2,67,24,500 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖേന തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. 2015-16 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും 30,21,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ എഫ്2/215/2017/റവ., 10-1-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 22-3-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

പുതിയതായി രൂപീകരിച്ച താലൂക്കുകളിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുള്ളതിനാൽ മേൽ ശീർഷകത്തിൽ 2014 മാർച്ച് മാസം 31-ാം തീയതിക്കുള്ളിൽ 50,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

പുതിയതായി രൂപീകരിച്ച താലൂക്കുകളിലേയ്ക്ക് വാഹനം വാങ്ങുന്നതിനായി 2053-00-093-99-21(1) ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന മുഖേന 1,32,00,000 രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(റഫറൻസ് നമ്പർ എഫ്2/215/2017/റവ., 10-1-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 22-3-2018-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

പ്രസ്തുത ശീർഷകത്തിലെ പദ്ധതിയേതര ഇനത്തിൽ വകയിരുത്തുന്ന തുക ഡെപ്യൂട്ടി കളക്ടർമാരുടേയും അതോറിറ്റി ജീവനക്കാരുടേയും ശമ്പളയിനത്തിലാണ് ചെലവഴിക്കുന്നത്. എന്നാൽ ഈ സാമ്പത്തിക വർഷം ഈ ആവശ്യത്തിലേയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ജീവനക്കാരുടെ ശമ്പളം നൽകുന്നതിലേയ്ക്കായി മേൽ സൂചിപ്പിച്ച ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 21.50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ജീവനക്കാരുടെ ശമ്പളം നൽകുന്നതിലേയ്ക്കായി 2053-00-094-50 ഡിസാസ്റ്റർ മാനേജ്മെന്റ് ദുരന്ത നിവാരണവും പുനരധിവാസവും എന്ന ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 21.50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും 2014-15 സാമ്പത്തിക വർഷം ടി തുക അനുവദിച്ചിട്ടില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(റഫറൻസ് നമ്പർ ഡി.എം.എ 4/226/2018/ഡി.എം.ഡി., 31-7-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

## 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2797/സബ്.സി.ബി1/2013/നി.സെ.)

ശിപാർശ

രജിസ്ട്രേഷൻ വകുപ്പുവഴി നൽകി വരുന്ന പഴയ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളുടെ ഡാറ്റാ എൻട്രി, പഴയകാല ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ, കമ്പ്യൂട്ടറുകളുടെ നവീകരണം,

പുതിയ കമ്പ്യൂട്ടറുകളുടെ വാങ്ങൽ എന്നീ ആവശ്യത്തിലേക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,40,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

2,40,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തുവെങ്കിലും പ്രസ്തുത തുക ലഭ്യമായിട്ടില്ല.

(ഫയൽ നമ്പർ REV.-E1/281/2018, 9-8-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

## 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3064/സബ്.സി.ബി1/2012/നി.സെ.)

<u>ശിപാർശ</u>

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഈ കണക്കിനത്തിൽ വകയിരുത്തിയിരുന്ന തുക ഈ ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷം ധനപുനർവിനിയോഗം വഴി തുക വകയിരുത്തുകയുണ്ടായി. നിലവിൽ പ്രസ്തുത ശീർഷകത്തിൽ മതിയായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുവരുന്നുണ്ട്.

(ഫയൽ നമ്പർ എഫ്2/143/2017/റവ., 26-2-2018)

ഡിലേ സ്റ്റേറ്റ്മെന്റ് 22-3-2018-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

"ഭൂരഹിതരില്ലാത്ത കേരളം" എന്ന പദ്ധതിയുടെ ആദ്യ പടിയായി ഭൂരഹിതരുടെ കണക്കെടുപ്പ് ഈ വർഷം ഏപ്രിൽ മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. കണക്കെടുപ്പ് പൂർത്തിയാക്കിയാൽ എല്ലാ ഭൂരഹിതർക്കും വീട് വയ്ക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിക്കുന്നതുമാണ്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കും നടത്തിപ്പിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ, ഈ ആവശ്യത്തിലേക്ക് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവന രഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പട്ടികയും വിവരങ്ങളും കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്തിൽ നിലവിൽ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത-ഭവനരഹിതരുടെ പട്ടിക എന്നിവ അടിസ്ഥാന രേഖയായി പരിഗണിച്ച് ഭവന രഹിതർക്ക് മാന്യവും സുരക്ഷിതത്വവുമുള്ള ഭവനത്തോടൊപ്പം ജീവനോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനമൊരുക്കുന്നതിനായി നിലവിൽ സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇക്കാര്യം സമിതിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

(ഫയൽ നമ്പർ എ 4/246/2017/REV., 11-6-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജാഫീസുകൾക്ക് അടിയന്തരമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ ഉടനടി പുനരുദ്ധരിക്കണമെന്നും സംസ്ഥാനത്തെ ഓരോ പഞ്ചായത്തിനും ഓരോ വില്ലേജാഫീസ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും വില്ലേജാഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) ജനങ്ങൾക്ക് സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'സ്മാർട്ട്' (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത്, 2013-14 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ടി പദ്ധതിയിൽ വില്ലേജാഫീസുകൾ സ്മാർട്ട് ആക്കുന്നതിലേക്കായി പദ്ധതി വിഹിതത്തിൽ തുക വകയിരുത്തി അത്യാധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണം നടത്തി വരുന്നു. സ്മാർട്ട് വില്ലേജാഫീസുകൾ ഒരേ മാതൃകയിലുള്ളതും ആവശ്യമായ ഫർണിച്ചറുകൾ, പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതം, നെറ്റ് വർക്ക് ചെയ്ത കാബിൻ, റിക്കോർഡ് റൂം, വിവിധ ആവശ്യങ്ങൾക്ക് വരുന്ന പൊതുജനങ്ങൾക്കായി വെയിറ്റിംഗ് ലോഞ്ച്, ഹെൽപ്പ് ഡസ്ക്, കടിവെള്ള സംവിധാനം, ടോയിലെറ്റ് എന്നിവ സജ്ജീകരിച്ച് പൂർണ്ണമായും ജനസൗഹൃദമാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 14 ജില്ലകളിലെ ഓരോ വില്ലേജാഫീസുകളും, രണ്ടാം ഘട്ടത്തിൽ 8 ജില്ലകളിലായി 11 വില്ലേജാഫീസുകളും, മൂന്നാം ഘട്ടത്തിൽ 5 ജില്ലകളിലായി 9 വില്ലേജാഫീസുകളും നാലാം ഘട്ടത്തിൽ 7 ജില്ലകളിലായി 7 വില്ലേജ് ഓഫീസുകളും സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് നടപടിയെടുത്തു. അപ്രകാരം 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഒന്ന്, രണ്ട്, മൂന്ന്, നാല് ഘട്ടങ്ങളിൽ ലക്ഷ്യമിട്ടിരുന്ന 41 വില്ലേജുകളിൽ 26 വില്ലേജുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി 15 വില്ലേജുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 13-ാം പഞ്ചവത്സര പദ്ധതിയിൽ (2017-2022) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ വില്ലേജാഫീസുകൾക്കും, പുതുക്കിപ്പണിയേണ്ട വില്ലേജാഫീസുകൾക്കും സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി കെട്ടിടം നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ആയതിലെ ഒന്നാം ഘട്ടത്തിൽ (2017-18) ടി പദ്ധതിക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുള്ളതും പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകി 39 വില്ലേജാഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്ത് ഗ്രൂപ്പ് വില്ലേജുകളുടെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തരപ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ പരിഗണനയിലില്ല എന്ന് 20-4-2017-ലെ 76022/റ്റി3/15/റവ. നമ്പർ പ്രകാരം അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്.

(ഫയൽ നമ്പർ എഫ്2/143/2017/റവ., 26-2-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 22-3-2018-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

സർക്കാർ ഭൂമിയിലെ അനധികൃത കൈയേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനായി രൂപീകരിച്ചിരിക്കുന്ന കേരള ഭൂബാങ്ക് പ്രോജക്ടിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് 2.35 കോടി രൂപ അധികമായി 2012-13 സാമ്പത്തിക വർഷത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷത്തിൽ കേരള ഭൂ ബാങ്ക് പ്രോജക്ടിന്റെ 2053-00-800-91-പൊതുമുതൽ സംരക്ഷണം-കേരള ഭൂ ബാങ്ക് പ്രോജക്ട് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 1.5 കോടി രൂപയിൽ 12,22,000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കേരള ഭൂ ബാങ്ക് പ്രോജക്ടിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ച് തീരാത്തതിനാൽ 2012-13 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ സമിതി നിർദ്ദേശിച്ചിരുന്ന 2.35 കോടി രൂപ അധികമായി വകയിരുത്തേണ്ടിവന്നില്ല എന്നുള്ള വിവരം ബഹു. സമിതിയെ അറിയിച്ചുകൊള്ളുന്നു.

(ഫയൽ നമ്പർ 124/എ 1/2018/റവന്യൂ, 17-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

## അദ്ധ്യായം VII

# സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

'ഭൂമികേരളം പദ്ധതി' സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ടിന്മേലുള്ള ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 29-5-2018, 11-9-2018 എന്നീ തീയതികളിലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3401/സബ്.സി.ബി1/2014/നി.സെ.)

### ശിപാർശ 1

സംസ്ഥാനത്ത് റീസർവ്വേ നടപടികൾ 3 വർഷത്തിനകം പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സ.ഉ. (എംഎസ്.) നമ്പർ 28/17 റവന്യൂ തീയതി 24-1-2017 പ്രകാരം റീസർവ്വേ പുനരാരംഭിച്ചിട്ടുണ്ട്. എന്നാൽ നിലവിലെ വകുപ്പിലെ ജീവനക്കാരെ പ്രയോജനപ്പെടുത്തി മാത്രം 3 വർഷത്തിനകം സർവ്വേ പൂർത്തീകരണം സാധ്യമായി കാണുന്നില്ല. ടി കാര്യത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ എക്സ്പീരിയൻസ്ഡ് ഏജൻസികളെ പ്രയോജനപ്പെടുത്തി ഔട്ട്സോഴ്സ് ചെയ്തെങ്കിൽ മാത്രമേ ഇത് സാധ്യമായി കാണുന്നുള്ളൂ. അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള സർവ്വേ ഡയറക്ടറുടെ ശിപാർശയിന്മേൽ പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പിന്റെ അംഗീകാരം ലഭിക്കുകയും ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ് (ഫയൽ നമ്പർ REV-R1/457/2017/REV.).

### ശിപാർശ 2

സർവ്വേ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ മാത്രം ഉപയോഗിച്ച് റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് നീണ്ട 60 വർഷം വേണ്ടിവരും അതിനാൽ റീസർവ്വേ നടപടികൾക്കായി ലൈസൻസ്ഡ് സർവ്വേയർമാരുടെ സേവനം കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ അംഗീകൃത ITI (Survey)/Chain Survey എന്നീ കോഴ്സുകൾ വിജയിച്ചവരെ ഉൾപ്പെടുത്തി ഒരു അഭിരുചി പരീക്ഷ നടത്തി ഒരു Empanelled Surveyors List തയ്യാറാക്കുന്നതിനും ഇത്തരത്തിൽ തയ്യാറാക്കുന്ന എംപാനൽഡ് സർവ്വേയർ ലിസ്റ്റിൽ

ഉൾപ്പെട്ടവരെ അതാത് റവന്യൂ രേഖകളുടെ നാളതീകരണം ഉൾപ്പെടെയുള്ള സർക്കാർ/ അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ ഭൂസർവ്വേയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ സർവ്വേ ജോലികൾക്ക് ആവശ്യമെങ്കിൽ സർവ്വേ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ദിവസവേതന വ്യവസ്ഥയിൽ അതാത് ജില്ലകളിൽ വിനിയോഗിക്കാവുന്നതിനും സർവ്വേ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ശിപാർശ 3

നിലവിലുള്ള മെഷീനുകൾ കൊണ്ട് നിശ്ചിത കാലാവധിക്കുള്ളിൽ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ രീതികൾ അനുസരിച്ചുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് സാധിക്കില്ല. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് സർവ്വേ പൂർത്തീകരിക്കുന്നതിന് പുതിയ മെഷീനുകളും അത് പ്രവർത്തിപ്പിക്കുന്നതിനായുള്ള വിദഗ്ദരുടെ സേവനവും പുറമേ നിന്ന് ഉൾപ്പെടുത്തേണ്ടിവരികയാണെങ്കിൽ, സർവ്വേ വകുപ്പിലെ മൂന്ന് സർവ്വേയർമാർ ഉൾപ്പെടുന്ന ഒരു ടീം എന്ന നിലവിലെ രീതി മാറ്റി ഒരു സർവ്വേയറുടെ മേൽനോട്ടത്തിൽ ഒരു ടീം എന്ന നിലയ്ക്ക് കൂടുതൽ ടീമുകൾ രൂപീകരിച്ച് സർവ്വേ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ETS മെഷീനുകൾ അപര്യാപ്തമായിരുന്നത് കണക്കിലെടുത്ത് മിഷൻ 141 പുതിയ ETS മെഷീനുകളും 6 യൂണിറ്റ് (18 എണ്ണം) DGPS മെഷീനുകളും വാങ്ങിയിട്ടുണ്ട്. കൂടാതെ 31 ETS മെഷീനുകൾ (പഴയത്) AMC-യിൽ ഉൾപ്പെടുത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. 172 ETS ടീമുകളെ ഇത്തരത്തിൽ വിന്യസിക്കാൻ കഴിയുന്നുണ്ട്.

സമയബന്ധിതമായി സർവ്വേ പൂർത്തിയാക്കുന്നതിനായി ഡിജിറ്റൽ സർവ്വേ നടത്തുന്നതിനുള്ള തീരുമാനത്തിനായി ഫയൽ ധന വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ 4

റീസർവ്വേ നടപടികൾ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സർവ്വേ നടത്തിപ്പിൽ പ്രാവീണ്യമുള്ള മറ്റ് ഏജൻസികളെ സർവ്വേ നടപടികൾ ഏൽപ്പിക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്നും ഇക്കാര്യത്തിൽ വകുപ്പിൽ നിന്നും ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

റീസർവ്വേ നടപടികൾ പൂർണ്ണമായും മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നതിൽ നിയമപരമായ ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നു എങ്കിലും ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്ത് റീസർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ടി പ്രവർത്തി കേന്ദ്ര സർക്കാരിന്റെ empanelled ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള സർവ്വേ ഡയറക്ടറുടെ ശിപാർശയിന്മേൽ പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പിന്റെ അംഗീകാരം ലഭിക്കുകയും ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ് (ഫയൽ നമ്പർ REV-E1/457/2017/REV.).

<u>ശിപാർശ 5</u>

റീസർവ്വേ മുഖേന ലഭിക്കുന്ന രൂപരേഖകളും വിവരങ്ങളും പരിശോധിച്ച് അംഗീകരിക്കുന്നതിനും സർക്കാർ ഭൂമി റീഫിക്സിംഗ് സർവ്വേ ചെയ്യുന്നതിനും വകുപ്പിൽ നിന്നുള്ള സർവ്വേയർമാരെ ഓരോ വില്ലേജുകളിലും നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ.ഉ. (എംഎസ്.) നമ്പർ 303/2017/റവന്യൂ തീയതി 26-8-2017 പ്രകാരം റവന്യൂ വകുപ്പിന്റെ ഭൂരേഖകളുടെ പരിപാലനം (LRM) പരാതി പരിഹാരം ചുമതലകൾ പുനർ നിർവ്വചിച്ചും നിലവിലുള്ള ഘടനയിലും പ്രവർത്തനത്തിലും ഭേദഗതി വരുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും മേൽ നടപടികൾ സ്വീകരിക്കേണ്ട ചുമതല തഹസിൽദാർ (ഭൂരേഖ) ക്ക് നൽകിയിട്ടുണ്ട്.

<u>ശിപാർശ 6</u>

റീസർവ്വേ നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ സർവ്വേ വകുപ്പിൽ അധികമുള്ള ജീവനക്കാരെ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ ജില്ലാ സർവ്വേ ടീമിലേയ്ക്കും സർവ്വേ സൂപ്രണ്ടിന്റെ കീഴിലുള്ള താലൂക്ക് സർവ്വേ ടീമിലേയ്ക്കും നിയമിക്കുകയാണെങ്കിൽ അധിക ജീവനക്കാരുടെ ജോലി നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. സ്ഥലമേറ്റെടുക്കൽ, സ്പെഷ്യൽ സർവ്വേ പ്രോജക്ടുകൾ, അദാലത്ത്

ജോലികൾ എന്നിവ അധിക ജീവനക്കാരുടെ സഹായത്താൽ താഴെത്തട്ടിൽത്തന്നെ ചെയ്തു തീർക്കുകയാണെങ്കിൽ റീസർവ്വേ സംബന്ധിച്ച പരാതികൾ പരമാവധി കുറയ്ക്കുന്നതിനും ഭൂരേഖകൾ അപ്പപ്പോൾ പുതുക്കുന്നതിനും സാധിക്കുന്നതാണ്. ആയതിനാൽ റീസർവ്വേ നടപടികളുടെ പുരോഗതിയ്ക്കായി ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ താലൂക്ക് സർവ്വേ ടീമും രൂപീകരിക്കണമെന്നും വകുപ്പിൽ അധികമുള്ള ജീവനക്കാരെ പ്രസ്തുത ടീമുകളിലേയ്ക്ക് അനുബന്ധ ജോലികൾക്കായി നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

സ.ഉ. (എംഎസ്.) നമ്പർ 303/2017/റവന്യൂ തീയതി 26-8-2017 പ്രകാരം റവന്യൂ വകുപ്പിന്റെ ഭൂരേഖകളുടെ പരിപാലനം (LRM) പരാതി പരിഹാരം-ചുമതലകൾ പുനർ നിർവ്വചിച്ചും നിലവിലുള്ള ഘടനയിലും പ്രവർത്തനത്തിലും ഭേദഗതി വരുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ വെളിച്ചത്തിൽ സർവ്വേ വകുപ്പിൽ അധികമുള്ള ജീവനക്കാരെ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ ജില്ലാ സർവ്വേ ടീമിലേയ്ക്കും സർവ്വേ സൂപ്രണ്ടിന്റെ കീഴിലുള്ള താലൂക്ക് സർവ്വേ ടീമിലേയ്ക്കും നിയമിക്കുവാൻ കഴിയുന്നതല്ല.

## ശിപാർശ 7

സർവ്വേ, കഴിഞ്ഞ ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി 14 ജില്ലകളിലും ഡിജിറ്റൈസേഷൻ ലാബുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഇതിനോടകം 13 ജില്ലകളിൽ ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ മിഷൻ ആരംഭിച്ചിട്ടുണ്ട്. സ്കാനിംഗ് ജോലികളും, വെക്ടറൈസേഷൻ ജോലികളും ടി സെന്ററുകളിലൂടെ പുരോഗതിയിലാണ് ഉള്ളത്. ആകെ റീസർവ്വേ പൂർത്തിയാക്കിയ 884 വില്ലേജുകളിൽ 659 വില്ലേജുകളുടെ FMB മാപ്പുകളുടെ സ്കാനിംഗ് സെന്ററുകളിലൂടെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 402 വില്ലേജുകളുടെ FMB വെക്ടറൈസേഷനും ടി സെന്ററുകൾ മുഖാന്തിരം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സ്ഥലം ലഭ്യമായ പാലക്കാട് ജില്ലയിലും ഇത്തരത്തിലുള്ള സെന്റർ സ്ഥാപിക്കുന്ന പ്രവർത്തനം നിർമ്മിതി കേന്ദ്രവുമായി ആലോചിച്ചുവരുന്നു.

ശിപാർശ 8

റീസർവ്വേയ്ക്ക് മുമ്പ് നടത്തിയിട്ടുള്ള സർവ്വേ റെക്കോർഡുകളുടെ ശാസ്ത്രീയ സംരക്ഷണവും കമ്പ്യൂട്ടർവൽക്കരണവും അത്യാവശ്യമാണ്. അതിനാൽ, ഇ-രേഖ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

'ഇ-രേഖ' പദ്ധതി ആരംഭിക്കുകയും തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള 8 ജില്ലകളുടെ അത്യന്തം ശിഥിലമായ അവസ്ഥയിലുണ്ടായിരുന്നതായ സെറ്റിൽമെന്റ് രജിസ്റ്ററുകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിച്ച് ഇതിനായി സജ്ജമാക്കിയിട്ടുള്ള മോഡേൺ റെക്കോർഡ് റൂമിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുമുണ്ട്. ടി റെക്കോർഡുകളുടെ ഡിജിറ്റൈസേഷനും പൂർത്തിയാക്കിയിട്ടുണ്ട്. മിഷന്റെ വിവിധ ഡിജിറ്റൈസേഷൻ പദ്ധതികളിലൂടെ ഡിജിറ്റലാക്കി സംരക്ഷിക്കപ്പെട്ടിട്ടുള്ള 635 റീസർവ്വേ വില്ലേജുകളുടെ FMB മാപ്പുകൾ 'ഇ-രേഖ' പദ്ധതിയോടനുബന്ധമായി തയ്യാറാക്കിയിട്ടുള്ള 'ഇ-രേഖ' വെബ്പോർട്ടലിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്. ഓൺലൈനായി ടി FMB മാപ്പുകൾ കൈപ്പറ്റുന്നതിലേയ്ക്കായി പൊതുജനങ്ങൾക്ക് അവസരം നൽകുന്ന ടി പോർട്ടൽ പേയ്മെന്റിനായി ട്രഷറിയുമായി സംയോജിപ്പിച്ചിട്ടുമുണ്ട്. www.erekha.kerala.gov.in എന്ന വെബ് ലിങ്കിൽ ടി സേവനം നിലവിൽ ലഭ്യമാണ്.

ശിപാർശ 9

എല്ലാ വസ്തു ക്രയവിക്രയത്തിലും പ്രീമ്യൂട്ടേഷൻ സ്കെച്ച് നിർബന്ധമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഡിജിറ്റൽ സർവ്വേ പൂർത്തിയായെങ്കിൽ മാത്രമേ ഇത് സാദ്ധ്യമാകുകയുള്ളൂ. പ്രീമ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് GPS അധിഷ്ഠിത പ്രോപ്പർട്ടി മാപ്പിംഗിനായി 2 ലൊക്കേഷൻ പൈലറ്റ് അടിസ്ഥാനത്തിൽ സർവ്വേ നടത്തുകയും സാമ്പിൾ സ്കെച്ച് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോട്ടയം, അങ്കമാലി എന്നീ താലൂക്കുകളിൽ നിലവിലുള്ള ടോറൻസ് സമ്പ്രദായത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ 10

പ്രീമ്യൂട്ടേഷൻ സ്കെച്ചിൽ സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ എന്നീ മൂന്ന് വകുപ്പുകൾക്കും തുല്യപ്രാധാന്യമാണ് ഉള്ളത്. ഏതൊരു ഭൂമിയുടെയും വാങ്ങലോ വിൽപ്പനയോ നടക്കുമ്പോൾ സർവ്വേ വകുപ്പ് പ്രീമ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിനാൽ രജിസ്ട്രേഷൻ വകുപ്പിന് അപ്പോൾ തന്നെ രേഖകൾ ഓൺലൈനായി പരിശോധിക്കുന്നതിന് സാധിക്കുന്നു. തുടർന്ന് റവന്യൂ വകുപ്പിലും ഇതേ പരിവർത്തന പ്രക്രിയ നടക്കുന്നതിനാൽ ഭൂമി സംബന്ധമായ എല്ലാ വിവരങ്ങളും പുതുക്കുന്നതിന് കഴിയുന്നു. ഭൂമി സംബന്ധമായ വിവരങ്ങൾ അപ്ഡേറ്റഡ് ആക്കുന്നതിന് രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ എന്നീ വകുപ്പുകളുടെ ഏകോപനം നടക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ അതിനുള്ള നടപടികൾ ഉടൻ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ ഏകീകരണം സാദ്ധ്യമാക്കുന്നതിന് ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. DILRMP-യുടെ ഭാഗമായി ടി PMU രൂപീകരിക്കുന്നതിലൂടെ വകുപ്പുകളുടെ ഏകോപനം സാധ്യമാകും.

ശിപാർശ 11

സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ തമ്മിൽ ഏകോപിപ്പിക്കുമ്പോൾ ഉടലെടുത്തേക്കാവുന്ന സാങ്കേതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി മൂന്ന് വകുപ്പുകൾക്കും സ്വീകാര്യമായ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സൃഷ്ടിച്ചെടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

DILRMP-യുടെ ഭാഗമായി ടി PMU രൂപീകരിക്കുന്നതിലൂടെ ഏകീകൃത സോഫ്റ്റ്‌വെയർ സൃഷ്ടിച്ചെടുക്കാൻ കഴിയും. PMU രൂപീകരിക്കുന്ന വിഷയം ധന വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ 12

എല്ലാ ഭൂമി ഇടപാടുകളിലും പ്രീമ്യൂട്ടേഷൻ സ്കെച്ച് നിർബന്ധിതമാക്കുകയാണെങ്കിൽ പ്രസ്തുത ജോലിക്കായി ധാരാളം ലൈസൻസ്ഡ് സർവ്വേയർമാരുടെ സേവനം ആവശ്യമായി വരും. നിലവിൽ സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് വകുപ്പിന് കീഴിലുള്ള 5 സർവ്വേ സ്കൂളുകളിലാണ് ഇതിൽ പരിശീലനവും സർട്ടിഫിക്കറ്റും നൽകുന്നത്. ഈ

സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുകയാണെങ്കിൽ കൂടുതൽ പേർക്ക് ഇത് സംബന്ധിച്ച ട്രെയിനിംഗ് നൽകുന്നതിന് സാധിക്കുന്നതാണ്. ആയതിനാൽ സർവ്വേ സ്കൂളുകളെ കേരളാ മോഡേൺ സർവ്വേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർവ്വേ വകുപ്പിന് കീഴിലെ കണ്ണൂർ, കോട്ടയം സർവ്വേ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. നിലവിൽ ആധുനിക സർവ്വേ കോഴ്സുകൾ തിരുവനന്തപുരത്തുള്ള കേരളാ മോഡേൺ സർവ്വേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടന്നു വരുന്നു. അടിസ്ഥാന സൗകര്യങ്ങളും ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തി മാത്രമേ സർവ്വേ സ്കൂളുകളെ കേരളാ മോഡേൺ സർവ്വേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളായി ഉയർത്താൻ സാധിക്കുകയുള്ളൂ.

<u>ശിപാർശ 13</u>

ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായുള്ള വനാവകാശ നിയമപ്രകാരം വിവിധ ജില്ലകളിലായി ഇതുവരെ 18612 ഹെക്ടർ സർവ്വേ നടത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് കൈമാറേണ്ട ഭൂമി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം കൈമാറണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ആദിവാസി പുനരധിവാസ വികസന മിഷനിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വനാവകാശ നിയമപ്രകാരം സംസ്ഥാനത്ത് 30-4-2018 വരെ നൽകിയിട്ടുള്ള കൈവശ രേഖകളുടെ/അവകാശങ്ങളുടെ വിവരം താഴെപ്പറയും പ്രകാരമാണ്.

1. വ്യക്തിഗത അവകാശങ്ങൾ (Individual Rights)-25327

2. സമൂഹ അവകാശങ്ങൾ (Community Rights)-164

3. വികസന അവകാശങ്ങൾ (Development Rights)-460

<u>ശിപാർശ 14</u>

ഭൂമികേരളം പദ്ധതിയുടെ മറ്റൊരു ലക്ഷ്യമായ ഹാരിസൺ മലയാളത്തിന്റെ കൈവശമുള്ള ഭൂമിയുടെ സർവ്വേ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി സർവ്വേ സംബന്ധിച്ച കാര്യങ്ങൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട സർവ്വേയ്ക്കായി സ്പെഷ്യൽ ഓഫീസർ & കളക്ടർ (സ്റ്റേറ്റ് ലാന്റ് റിസംപ്ഷൻ)നോട് സാങ്കേതികവശം 30-6-2014-ലെ KLIM/499/E/09 നമ്പർ കത്ത് പ്രകാരം ആരാഞ്ഞതിൽ കോടതിയുടെ പരിഗണനയിൽ ആയതിനാൽ സർവ്വേ നടപടികൾ ഉടൻ ആരംഭിക്കേണ്ട എന്ന് 18-8-2014-ൽ കത്ത് മുഖേന അറിയിച്ചിരുന്നു.

## 2019-20 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

18-2-2019, 6-3-2019 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് 2019-2020 സാമ്പത്തിക വർഷത്തെ VI, XI, XX, XXVI, XXVIII, XXIX എന്നീ ധനാഭ്യർത്ഥന കളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. 14-3-2019-ലെ യോഗത്തിൽ പ്രസ്തുത ശിപാർശകളുടെ കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2019 ജൂലൈ 1.

അനുബന്ധം

## 2018 ഏപ്രിൽ 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 ഏപ്രിൽ 10-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ .

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി സുമകുമാരി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീ. മാത്യൂക്കുട്ടി ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. പി. എസ്. സെൽവരാജൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. എ. റ്റി. ജെയിംസ്, കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ
3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ടോണി. പി. ജോസ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
5. ശ്രീ. ടി. ജെ. ഉണ്ണികൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്.

കരട് ചട്ടം, എസ്.ആർ.ഒ.-കളുടെ സാധൂകരണം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് എന്നീ വിഷയങ്ങൾ സമിതി പരിഗണിക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

# I. കരട് ചട്ടം പരിഗണന

## കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ അമെന്റ്മെന്റ് റൂൾസ്

(ഫയൽ നമ്പർ 3819/സബ്.സി.ബി1/2012/നി.സെ.)

പ്രസ്തുത കരട് ചട്ടം ഇതിനുമുമ്പും സമിതിയുടെ പരിഗണനയ്ക്കെടുത്തതാണെന്നും, 1980-ലെ ഭേദഗതി പ്രകാരം ഡെപ്യൂട്ടി കളക്ടർമാരുടെ സർവ്വീസിനെ ഡെപ്യൂട്ടി കളക്ടർ, ഡെപ്യൂട്ടി കളക്ടർ (ഹയർ ഗ്രേഡ്) എന്നിങ്ങനെ രണ്ടു തരത്തിലാണ് കണക്കാക്കിയിരിക്കുന്നതെന്നും, നിലവിൽ ആകെയുള്ള 113 ഡെപ്യൂട്ടി കളക്ടർമാരിൽ 1/3-ട്ടാണ് ഹയർ ഗ്രേഡ് നൽകുന്നതെന്നും, രണ്ട് കാറ്റഗറിയെയും കൂടി ഡെപ്യൂട്ടി കളക്ടർ എന്ന ഒറ്റ കാറ്റഗറിയാക്കുന്നതിനാണ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നതെന്നും, ലാന്റ് റവന്യൂ വകുപ്പിൽ ഹയർ ഗ്രേഡ് ഉൾപ്പെടെയുള്ള ഡെപ്യൂട്ടി കളക്ടർ കേഡറിലെ സ്ഥിരം തസ്തികകളിലെ 1/5 അഥവാ 20% ഒഴിവുകളിലേയ്ക്കാണ് ഹയർ ഗ്രേഡ് നൽകുന്നതെന്നും പ്രസ്തുത തസ്തിക നിലവിൽ വന്നശേഷവും ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനം നടത്തിയിട്ടുള്ളതെന്നും ലാന്റ് റവന്യൂ കമ്മീഷണർ ആമുഖമായി അറിയിച്ചു. രണ്ട് തസ്തികകളായതുകൊണ്ട് ഡെപ്യൂട്ടി കളക്ടർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായുള്ള ഒഴിവുകൾ കണക്കാക്കുമ്പോൾ ഹയർ ഗ്രേഡ് തസ്തിക ഒഴിവാക്കണമെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്നാണ് ഭേദഗതി കൊണ്ടുവന്നതെന്നും, ആയതിന് മുൻകാല പ്രാബല്യം നൽകുന്നത് സംബന്ധിച്ച് സമിതിയിൽ ചർച്ച ചെയ്തിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു. കൂടാതെ 6-5-1980-മുതൽ പ്രാബല്യം നൽകിക്കൊണ്ട് ഭേദഗതി ചെയ്യണമെന്നാണ് തീരുമാനിച്ചിരുന്നതെന്നും, എന്നാൽ ഇപ്പോൾ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 3 നിബന്ധനകൾക്ക് പകരം 2-ാം നിബന്ധനയിലെ വ്യവസ്ഥ മാത്രം ഭേദഗതി ചെയ്താൽ പ്രസ്തുത പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നുവെന്നാണ് കരുതുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരള അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ് (കെ.എ.എസ്.) വരുമ്പോൾ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്കുള്ള നേരിട്ടുള്ള നിയമനം ഇല്ലാതാകുന്ന സാഹചര്യമാണുള്ളതെന്നും സമിതി മുൻപ് ഈ വിഷയം പരിഗണിച്ച വേളയിൽ ഭേദഗതിക്ക് എന്ന് മുതൽ പ്രാബല്യം കൊടുക്കണമെന്ന പ്രശ്നമാണ് ഉണ്ടായിരുന്നതെന്നും ഭേദഗതി പ്രാബല്യത്തിൽ വന്നാലും

നിലവിലെ ഡെപ്യൂട്ടി കളക്ടർ (ഹയർ ഗ്രേഡ്)-മാർ സർവ്വീസിൽ തുടരുമെന്നും ആയത് ഒരു പ്രത്യേക കേഡർ പോലെ കണക്കാക്കേണ്ടിവരുമെന്നതിനാൽ രണ്ട് കാറ്റഗറിയുംകൂടി ഒന്നാകുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾകൂടി പരിഗണിക്കണമെന്നും ലാന്റ് റവന്യൂ കമ്മീഷണർ വ്യക്തമാക്കി.

കൂടാതെ ഒന്നാമത്തെ വ്യവസ്ഥ പ്രകാരം "One fifth of the substantial post of the permanent cadre in the category of Deputy Collectors shall be filled by direct recruitment" എന്നതിനെ ഹയർ ഗ്രേഡ് എന്ന് സൂചിപ്പിക്കാത്തതിനാൽ ബഹു. ഹൈക്കോടതി തടസ്സപ്പെടുത്തിയെന്നും, ആയതിനാൽ, "One fifth of the substantial post of the permanent cadre in the category of Deputy Collectors and Deputy Collectors (HG) shall be filled by direct recruitment" എന്ന് സൂചിപ്പിച്ചിരുന്നെങ്കിൽ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നുവെന്നും, അതിനുപകരം 3 നിബന്ധനകൾ ഭേദഗതി ചെയ്യുകയാണുണ്ടായതെന്നും അദ്ദേഹം വിശദീകരിക്കുകയുണ്ടായി.

കെ.എ.എസ്. നടപ്പിലാക്കുമ്പോൾ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനം ഇല്ലാതാകുമെങ്കിലും ഡെപ്യൂട്ടി കളക്ടർ, ഡെപ്യൂട്ടി കളക്ടർ (ഹയർ ഗ്രേഡ്) തമ്മിലുള്ള വ്യത്യാസം നിലനിൽക്കുമെന്ന് സമിതി വിലയിരുത്തുകയുണ്ടായി. കെ.എ.എസ്. നടപ്പിലാക്കുമ്പോൾ ഡെപ്യൂട്ടി കളക്ടർ തസ്തികയുടെ 20% ഒഴിവുകളിലാണ് നിയമനം നടക്കുന്നതെന്നും ബാക്കി വരുന്നവർക്ക് നിയമാനുസൃതം ഹയർ ഗ്രേഡ് നൽകണമെന്നും ലാന്റ് റവന്യൂ കമ്മീഷണർ സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതിനാൽ ആയത് കൂടിയാലോചിച്ച് പിന്നീട് പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

## II. എസ്.ആർ.ഒ.-കളുടെ സാധൂകരണം

ചുവടെ ചേർക്കുന്ന എസ്.ആർ.ഒ.-കൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു:

(1) <u>എസ്. ആർ.ഒ. നമ്പർ 427/2017</u>

കേരള സർവ്വീസ് ഇനാം ലാന്റ്സ് (വെസ്റ്റിംഗ് & എൻഫ്രാഞ്ചൈസ്മെന്റ്) അമെന്റ്മെന്റ് റൂൾസ്, 2017.

(ഫയൽ നമ്പർ 4377/സബ്.സി.ബി1/2017/നി.സെ.)

(2) <u>എസ്. ആർ.ഒ. നമ്പർ 772/2017</u>

കേരള സർവ്വേയും അതിരടയാളവും (ഭേദഗതി) ചട്ടങ്ങൾ, 2017.

(ഫയൽ നമ്പർ 791/സബ്.സി.ബി1/2018/നി.സെ.)

# III. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 1, 2, 7 & 24 എന്നിവയിന്മേൽ സ്വീകരിച്ച നടപടികൾ

(ഫയൽ നമ്പർ 2529/സബ്.സി.ബി1/2017/നി.സെ.)

<u>ശിപാർശ ഖണ്ഡിക നമ്പർ 1, 2, 7</u>

റവന്യൂ വകുപ്പിൽ നടപ്പിലാക്കേണ്ട പല പദ്ധതികൾക്കുമുള്ള തുക വകയിരുത്തിയിരുന്നത് പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലായിരുന്നത്, തിരികെ റവന്യൂ വകുപ്പിന്റെ ശീർഷകത്തിലേക്ക്, 10-10-2017-ൽ മാറ്റി, ശിപാർശകളിലെ ആവശ്യം പരിഹരിക്കപ്പെട്ടുവെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ അംഗീകരിക്കുകയും ചെയ്തു.

<u>ശിപാർശ ഖണ്ഡിക നമ്പർ 24</u>

തിരുവനന്തപുരം ജില്ലയിലെ വെള്ളറട വില്ലേജ് ഓഫീസിന്റെ പഴയ കെട്ടിടം സ്ഥിതി ചെയ്തിരുന്ന 10 സെന്റ് സ്ഥലം റവന്യൂ രേഖ പ്രകാരം ഫോറസ്റ്റ് വകയായതിനാൽ അത് റവന്യൂ വകുപ്പിലേയ്ക്ക് കൈമാറി കിട്ടുവാൻ ബുദ്ധിമുട്ടുണ്ടെന്നും, സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇതേ അവസ്ഥയുണ്ടെന്നും പ്രസ്തുത സ്ഥലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് തടസ്സം സൃഷ്ടിക്കുന്നത് പതിവാണെന്നും ടി സ്ഥലങ്ങളിൽ നിർമ്മാണപ്രവർത്തനം നടത്തിയാൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ വനംവകുപ്പ് കേസ്സെടുക്കുമെന്നുള്ളതുകൊണ്ടാണ് ഇക്കാര്യത്തിൽ ഇടപെടാതിരുന്നതെന്നും റവന്യൂ ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

വെള്ളറട വില്ലേജ് ഓഫീസ് ഇരുപത് വർഷത്തോളം പ്രവർത്തിച്ചുവരുന്നത് റവന്യൂ വകുപ്പ് നിർമ്മിച്ചിരുന്ന കെട്ടിടത്തിലായിരുന്നുവെന്നും സ്ഥല സംബന്ധമായ തർക്കത്തെ തുടർന്ന് പ്രസ്തുത ഓഫീസ് വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയെന്നും ഇപ്പോൾ വനംവകുപ്പ് പ്രസ്തുത കെട്ടിടം പൊളിച്ചതായും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. നഗരപ്രദേശങ്ങളിൽ വനംവകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയത് റിസർവ് വനത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുന്നില്ലായെന്നും വെള്ളറട വില്ലേജ് ഓഫീസ് കെട്ടിടം പുറമ്പോക്ക് ഭൂമിയായിരുന്നുവെന്നും, ആയതിൽ റിസർവ് ഫോറസ്റ്റ് എന്നെഴുതിയിരുന്നുവെങ്കിൽ അവിടെ റവന്യൂ വകുപ്പിന് കെട്ടിടം നിർമ്മിക്കാൻ മുൻപ് സാധിക്കുകയില്ലായിരുന്നുവെന്നും റവന്യൂ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

തുടർന്ന് മുൻകാലങ്ങളിൽ റവന്യൂ വകുപ്പിന്റെ കൈവശമുണ്ടായിരുന്നതും കാലാന്തരത്തിൽ നഷ്ടപ്പെട്ടുപോയതുമായ എല്ലാ വസ്തുക്കളും തിരിച്ചെടുക്കാൻ ശ്രമിക്കണമെന്നും, വെള്ളറട വില്ലേജ് ഓഫീസ് സ്ഥിതി ചെയ്തിരുന്ന സ്ഥലം സർക്കാർ പുറമ്പോക്കാണെങ്കിൽ അത് തിരിച്ചെടുത്ത് പുതിയ വില്ലേജ് ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## IV. സമിതിയുടെ ശ്രദ്ധയ്ക്ക്

### ദി ഗവൺമെന്റ് ലാൻഡ് (അലോട്ട്മെന്റ് ആന്റ് അസെസ്മെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്സ്) റൂൾസ് 1998-പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 15150/സബ്.സി.ബി1/99/നി. സെ.)

വളരെ വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തതെന്തുകൊണ്ടെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി ഇത് സംബന്ധിച്ച് അന്തിമ അഭിപ്രായം ആരാഞ്ഞുകൊണ്ട് വ്യവസായവകുപ്പിന് കത്തുകൾ നൽകിയിരുന്നുവെന്നും, പ്രസ്തുത ഫയൽ വ്യവസായ വകുപ്പുമന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ചിരിക്കുകയാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. കൂടാതെ വ്യവസായ വകുപ്പിൽ 'ഇൻഡസ്ട്രിയൽ ലാന്റ് ലീസ് റൂൾസ്' എന്നൊരു എക്സിക്യൂട്ടീവ് ചട്ടം നിലനിൽക്കുന്നതുകൊണ്ടാണ് ഇക്കാര്യത്തിൽ നടപടി ഉണ്ടാകാത്തതെന്നും പ്രസ്തുത ചട്ടം റദ്ദാക്കിയതിനുശേഷം ആയത് റവന്യൂ വകുപ്പിന്റെ ചട്ടമായി പുറപ്പെടുവിച്ചാൽ പരിഹാരമുണ്ടാകുന്നതാണെന്നും പ്രസ്തുത ഫയൽ റവന്യൂ വകുപ്പിന് കൈമാറിയാൽ മാത്രമേ ടി ചട്ടം പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളുവെന്നും റവന്യൂ ഉദ്യോഗസ്ഥർ വ്യക്തമാക്കി.

യോഗം ഉച്ചയ്ക്കുശേഷം 3.35-ന് പിരിഞ്ഞു.

## 2018 മേയ് 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്.

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 മേയ് 29-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. സി.കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി സുമകുമാരി ജി. , അഡീഷണൽ സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

സാക്ഷികൾ / ഗവൺമെന്റ് ഉദ്യോഗസ്ഥർ:

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. എ. റ്റി. ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ
3. ശ്രീ. റ്റി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. പി. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
6. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

എസ്.ആർ.ഒ. സാധൂകരണം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2017-18 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നീ വിഷയങ്ങൾ സമിതി പരിഗണിക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## I. എസ്.ആർ.ഒ. സാധൂകരണം

എസ്.ആർ.ഒ. നമ്പർ 25/2018 [കേരള സർവ്വീസ് ഇനാം ലാന്റ്സ് (വെസ്റ്റിംഗ് & എൻഫ്രാഞ്ചൈസ്മെന്റ്) ഭേദഗതി ചട്ടം, 2018] സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1258/സബ്.സി.ബി1/2018/നി.സെ.)

## II. നടപടി സ്റ്റേറ്റ്മെന്റ് പരിഗണന

(1) 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 1, 7 എന്നിവയിന്മേൽ സ്വീകരിച്ച നടപടികൾ

(ഫയൽ നമ്പർ 3162/സബ്.സി.ബി1/2014/നി.സെ.)

പ്രസ്തുത ശീർഷകത്തിൽ 2012-13 സാമ്പത്തികവർഷം ധനപുനർവിനിയോഗംവഴി ലഭിച്ച 7 കോടി രൂപയിൽ 6,70,95,000 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് റവന്യൂ ഉദ്യോഗസ്ഥർ

അറിയിച്ചു. എത്ര വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതെന്നും, ഈ വർഷം പദ്ധതി നടപ്പിലാക്കുന്ന വില്ലേജുകൾ ഏതൊക്കെയാണെന്നും സമിതി ആരാഞ്ഞവേളയിൽ, 50 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഈ വർഷം 50 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തിയാണ് ഏറ്റെടുക്കുന്നതെന്നും അവ തിരഞ്ഞെടുത്തിട്ടുണ്ടെന്നും ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. തുടർന്ന് പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) <u>2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 1, 3, 4, 9, 10, 11 എന്നിവയിന്മേൽ സ്വീകരിച്ച നടപടികൾ</u>

(ഫയൽ നമ്പർ 3162/സബ്.സി.ബി1/2014/നി.സെ.)

<u>ശിപാർശ നമ്പർ 1</u>

പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 3 & 4</u>

റവന്യൂ വകുപ്പിലേക്ക് വാഹനം അനുവദിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് സംബന്ധിച്ച് കഴിഞ്ഞ സമിതിയോഗത്തിലും ചർച്ച ചെയ്തിരുന്നുവെന്നും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയനുസരിച്ച് വാഹനം അനുവദിച്ചില്ലെങ്കിലും പെർമനന്റ് റ്റി.എ.യായി ₹ 1,000-യെങ്കിലും നൽകുന്നത് ഉചിതമായിരിക്കുമെന്ന് റവന്യൂ ഉദ്യോഗസ്ഥർ അറിയിച്ചു. ധനകാര്യവകുപ്പിന്റെ അനുവാദമില്ലാതെ ഇക്കാര്യത്തിൽ സമിതിക്ക് തീരുമാനമെടുക്കാൻ സാധിക്കുകയില്ലായെന്ന് സമിതി വ്യക്തമാക്കി. തുടർന്ന് പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>ശിപാർശ നമ്പർ 9, 10, 11</u>

സംസ്ഥാനത്ത് പുതിയതായി നിലവിൽ വന്ന റവന്യൂ ഡിവിഷണൽ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും പുതിയ വാഹനം അത്യന്താപേക്ഷിതമാണെന്നും, 2014-15 സാമ്പത്തികവർഷത്തെ തുക ലഭിക്കാതിരിക്കുന്നതുകൊണ്ട് പുതിയ പ്രൊപ്പോസൽ നൽകി ഫണ്ട് അനുവദിക്കുന്നതിനുമാത്രമേ സാധിക്കുകയുള്ളുവെന്നും ഈ വർഷത്തേക്ക് 1 കോടി 50 ലക്ഷം രൂപ സമിതി ശിപാർശ ചെയ്തിട്ടുണ്ടെന്നും റവന്യൂ ഉദ്യോഗസ്ഥർ വിശദീകരിച്ചു. തുടർന്ന് പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(3) <u>2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 1, 7, 13, 31, 32 എന്നിവയിന്മേൽ സ്വീകരിച്ച നടപടികൾ</u>

(ഫയൽ നമ്പർ 3409/സബ്.സി.ബി1/2015/നി.സെ.)

പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

(4) <u>ഭൂമി കേരളം പദ്ധതി സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടികൾ</u>

(ഫയൽ നമ്പർ 3401/സബ്.സി.ബി1/2014/നി.സെ.)

<u>ശിപാർശ നമ്പർ 1 -12 & 14</u>

2014-15-ൽ ഭൂമി കേരളം പദ്ധതിക്കായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ കൂടുതൽ തുക ആവശ്യമില്ലായെന്നും, പ്രസ്തുത പദ്ധതി സംബന്ധിച്ച ശിപാർശകളിൽ മറുപടി നൽകുവാൻ അവശേഷിക്കുന്ന ശിപാർശ നമ്പർ 13-ന്മേൽ, വനാവകാശ നിയമ പ്രകാരമുള്ള വിവിധ അവകാശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും റവന്യു ഉദ്യോഗസ്ഥർ അറിയിച്ചു. തുടർന്ന് പ്രസ്തുത ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(5) <u>22-5-2014-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ച വിഷയത്തിന്മേലുള്ള റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4287/സബ്.സി.ബി1/2014/നി.സെ.)

കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ പട്ടയ കാര്യങ്ങൾക്കാണ് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിച്ചിട്ടുള്ളതെന്നും ബാക്കി ജില്ലകളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ചില സാങ്കേതിക പ്രശ്നങ്ങൾ ആയതിന് തടസ്സം ഉണ്ടാക്കുന്നതായും വനഭൂമി പതിച്ച് നൽകുന്നതിന് ഏറ്റവും കൂടുതൽ കടിശ്ശികയുള്ളത് തൃശ്ശൂർ ജില്ലയിലാണെന്നും പതിച്ച് നൽകാൻ അനുമതി ലഭിച്ച വനഭൂമിയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റുണ്ടെന്നും റവന്യൂ ഉദ്യോഗസ്ഥർ വിശദീകരിച്ചു. കൂടാതെ തിരുവനന്തപുരം ജില്ല ഉൾപ്പെടെ മിക്ക ജില്ലകളിലും ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിക്കാൻ സാധിക്കാത്ത തരത്തിൽ തർക്കങ്ങളുണ്ടായിരുന്നുവെന്നും, ആയത് ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും വിശദ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് കഴിഞ്ഞ്, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ടെന്നും റവന്യു ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു. തുടർന്ന് പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(6) 18-2-2014-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ച വിഷയത്തിൻമേലുള്ള റിപ്പോർട്ട്

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

# III. സമിതിയുടെ ശ്രദ്ധയ്ക്ക്

(1) എസ്.ആർ.ഒ. നമ്പർ 1047/2005 പിൻവലിക്കൽ-റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 7961/സബ്.സി.ബി1/2006/നി.സെ.)

ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഫണ്ടുള്ളതിനാൽ പ്രസ്തുത എസ്.ആർ.ഒ.-യിൽ പ്രതിപാദിക്കുന്ന ഫണ്ട് ആവശ്യമായി വരുന്നില്ലായെന്നും, സമിതി നിർദ്ദേശിച്ച സമയത്തുള്ള സ്ഥിതി നിലവിലില്ലാത്തതുകൊണ്ട് ആയതിന് ഭേദഗതി ആവശ്യമില്ലായെന്നും റവന്യൂ ഉദ്യോഗസ്ഥർ വ്യക്തമാക്കി. തുടർന്ന് പ്രസ്തുത ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

(2) 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 2-ാം നമ്പർ ശിപാർശയിൻമേൽ അധിക വിവരം ആവശ്യപ്പെട്ടത്-റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 4874/സബ്.സി.ബി1/2011/നി.സെ.)

വില്ലേജ് ഓഫീസുകളിലെ ലാന്റ് ഫോണുകൾ പ്രവർത്തനക്ഷമമല്ലാതിരുന്ന സമയത്താണ് പ്രസ്തുത അധിക വിവരം ആവശ്യപ്പെട്ടിരുന്നതെന്നും ഇപ്പോൾ മൊബൈൽ ഫോണുകളാണ് കൂടുതലായും ഉപയോഗിക്കുന്നതെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. തുടർന്ന് പ്രസ്തുത ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

(3) 18-2-2014-ലെ സമിതിയോഗ നിർദ്ദേശം-റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 2382/സബ്.സി. ബി1/2014/നി.സെ.)

പ്രസ്തുത റിപ്പോർട്ട് യോഗത്തിൽ സമർപ്പിക്കുകയും ആയത് സമിതി അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(4) <u>27-1-2016-ലെ സമിതിയോഗ നിർദ്ദേശം-റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 2072/സബ്.സി.ബി1/2016/നി.സെ.)

ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതികൊണ്ടുവന്നിട്ടുണ്ടെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്ന് മനസ്സിലാക്കിയ സമിതി ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

(5) <u>30-4-2014-ലെ സമിതിയോഗ നിർദ്ദേശങ്ങൾ-റിപ്പോർട്ടുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 3042/സബ്.സി.ബി1/2014/നി.സെ.)

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയം അടുത്ത യോഗത്തിൽ പരിഗണിക്കുവാൻ മാറ്റിവയ്ക്കണമെന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയോട് അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത വിഷയം സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുവാൻ സമിതി തീരുമാനിച്ചു.

സബ്ജക്ട് കമ്മിറ്റി II-ന്റെ 30-4-2014-ലെ യോഗത്തിൽ പൊതു ആവശ്യങ്ങൾക്കായി വിട്ടു കൊടുത്ത ദേവസ്വം ഭൂമി ഒഴികെ, ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിലവിലുള്ള തർക്ക രഹിത ഭൂമി മതിൽ കെട്ടി സംരക്ഷിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വകുപ്പ് പ്രസ്തുത വിഷയത്തിന്മേൽ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## IV. 2017-18 സാമ്പത്തിക വർഷത്തെ ആന്തരാലിക റിപ്പോർട്ട്-കരട് പരിഗണന സംബന്ധിച്ച്

പ്രസ്തുത കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## 2018 ജൂൺ 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 ജൂൺ 11-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും

വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
4. ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ.
5. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
6. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. എ. റ്റി. ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ
4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ജെ. ബെൻസി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
6. ശ്രീ. കെ. രാജഗോപാൽ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ.

2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 2017-18

സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണിക്കുകയും പ്രവടെ ചേർക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു

**1. 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപനങ്ങൾ (ഭേദഗതി) ബിൽ**

(ഫയൽ നമ്പർ 3251/സബ്.സി.ബി1/2018/നി.സെ.)

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ശ്രീ. അടൂർ പ്രകാശ്, ശ്രീ. എം. ഉമ്മർ എന്നീ സമിതിയംഗങ്ങൾ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

**2. 2018-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ**

(ഫയൽ നമ്പർ 3252/സബ്.സി.ബി1/2018/നി.സെ.)

<u>ഖണ്ഡം 3</u>

കരഭൂമിയും വയലും സ്വന്തമായുള്ള ഒരാൾ കരഭൂമി വിൽപ്പന നടത്തിയതിനുശേഷം വയൽ നികത്തുന്നതിന് അപേക്ഷ നൽകിയാൽ അനുവദിക്കാൻ പാടില്ല എന്നാണ് പ്രസ്തുത ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതെന്നും ആയതിന്റെ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, വാങ്ങിയ വയൽ നികത്തുന്നതിനുള്ള അപേക്ഷ സ്വീകരിക്കുകയില്ലെന്നും റവന്യൂ, നിയമ വകുപ്പ് ഉദ്യോഗസ്ഥർ വിശദീകരിച്ചു.

വയൽ വാങ്ങുന്ന പല സന്ദർഭങ്ങളിലും, പ്രസ്തുത ഭൂമിക്കുപുറമേ വേറെ കരഭൂമി ഉണ്ടാകാതെ വരാറുണ്ടെന്നും, ഇത്തരത്തിൽ വാങ്ങിയ സ്ഥലം വയലാണെന്ന് കണ്ടാൽ, അവിടെ വീട് വയ്ക്കാൻ സാധിക്കില്ല എന്നുവരുന്നത് സ്വീകാര്യമായി തോന്നുന്നില്ല എന്ന് സമിതിയിൽ വിലയിരുത്തൽ വരികയുണ്ടായി. അതുപോലെ തന്നെ വലിയൊരു കടം വീട്ടുന്നതിനായോ സമാനമായ ആവശ്യങ്ങൾക്കായോ, കൈവശമുള്ള കരഭൂമി വിൽക്കേണ്ടി വന്നാൽ ആ വ്യക്തിക്ക് തത്സമയം സ്വന്തമായുള്ള വയലായ സ്ഥലത്ത് വീട് വയ്ക്കുവാൻ സാധിക്കുകയില്ല എന്ന പറയുന്നത് നീതികരിക്കാനാവില്ല എന്നും സമിതി വിലയിരുത്തി.

ഈ പ്രശ്നം എന്നാൽ ബന്ധപ്പെട്ട ഡാറ്റാബേസിൽ ഉൾപ്പെടുന്ന വയൽ ഭൂമിയുടെ കാര്യത്തിൽ മാത്രമേ ഉള്ളൂവെന്നും, വയൽ വാങ്ങുന്നവർ ഈ സാങ്കേതികത മനസ്സിലാക്കി തന്നെയാണെന്ന് വാങ്ങുന്നതെന്ന് യോഗത്തിൽ തുടർന്ന് ചൂണ്ടിക്കാട്ടപ്പെട്ടപ്പോൾ, നാട്ടിലെ പാവപ്പെട്ട സാധാരണക്കാർക്ക് ഇത്തരത്തിൽ ഡാറ്റാബേസ് നിലനിൽക്കുന്നതായി എന്തെങ്കിലും ധാരണ കാണുമെന്ന് കരുതാൻ നിർവ്വാഹമില്ലെന്ന് സമിതി വീക്ഷിച്ചു.

സംസ്ഥാനത്ത് ഡാറ്റാബാങ്ക് ഇതുവരെയും പൂർത്തിയാകാതിരിക്കുന്ന പഞ്ചായത്തുകളും ഉണ്ട് എന്ന വിവരവും യോഗത്തിൽ ചർച്ചാ വിഷയമായി.

പരിസ്ഥിതിയും നെൽവയലും സംരക്ഷിക്കപ്പെടണമെന്ന് നിഷ്കർഷിക്കുമ്പോൾ അതിനൊപ്പം പാർശ്വവൽക്കരിക്കപ്പെടുന്ന ഒരു വിഭാഗത്തിന്റെ താൽപ്പര്യങ്ങളും സംരക്ഷിക്കപ്പെടണമെന്ന് സമിതി വ്യക്തമാക്കി. പത്തോ പതിനഞ്ചോ സെന്റിന് മുകളിൽ ഭൂമി വാങ്ങുന്നവരുടെ കാര്യത്തിൽ നിയമം കർശനമാക്കുന്ന കാര്യം പരിഗണിക്കാമെങ്കിലും, മൂന്നും നാലും സെന്റ് മാത്രം വാങ്ങുന്ന പാവപ്പെട്ടവരെ ഒഴിവാക്കണമെന്ന് സമിതി വിലയിരുത്തുകയും 3-ാം ഖണ്ഡത്തിലെ (2)(2)-ാം ഉപഖണ്ഡം ഒഴിവാക്കിക്കൊണ്ട് മറ്റുള്ള ഭേദഗതി അംഗീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

<u>ഖണ്ഡം 6</u>

സംസ്ഥാനതല സമിതി രണ്ട് മാസങ്ങൾക്കകം സർക്കാരിന് റിപ്പോർട്ട് നൽകണമെന്നാണ് ആക്ടിലുള്ളതെന്നും പ്രസ്തുത റിപ്പോർട്ട് ലഭിക്കാതിരിക്കുന്നപക്ഷം സർക്കാരിന് മറ്റേതെങ്കിലും ഏജൻസിയെ കൊണ്ട് റിപ്പോർട്ട് വാങ്ങാമെന്നുള്ള ഓർഡിനൻസിലെ നാലാം ഉപവകുപ്പാണ് ഈ ഭേദഗതിയിലൂടെ ഒഴിവാക്കുന്നതെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചു.

മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് റിപ്പോർട്ട് വാങ്ങാമെന്നുള്ള വകുപ്പ് പ്രകാരം സംസ്ഥാനതല സമിതിയുടെ പ്രസക്തി നഷ്ടപ്പെടുകയല്ലേയെന്നും, ഏജൻസി ഏതാണെന്നത് സംബന്ധിച്ചുള്ള വിശദീകരണം ബില്ലിൽ ഉൾപ്പെടുത്തേണ്ടതല്ലേയെന്നും സമിതി നിരീക്ഷിച്ച വേളയിൽ, സംസ്ഥാനതല സമിതിയുടെ തീരുമാനം അംഗീകരിക്കണമെന്ന് പ്രത്യേക നിബന്ധനകളൊന്നുമില്ലായെന്നും സർക്കാരിനുവേണമെങ്കിൽ സംസ്ഥാനതല സമിതിയുടെ തീരുമാനത്തിനെതിരെ നടപടികൾ സ്വീകരിക്കാമെന്നും റവന്യൂ ഉദ്യോഗസ്ഥർ വ്യക്തമാക്കി. തുടർന്ന് നാലാം ഉപവകുപ്പ് ഒഴിവാക്കേണ്ട ആവശ്യമില്ലായെന്ന് സമിതി നിർദ്ദേശിച്ചു.

എന്നാൽ പ്രസ്തുത ബിൽ പ്രകാരം ഭൂമി സംബന്ധമായ സമഗ്രമായ ഒരു നിയമമാണ് കൊണ്ടുവരുന്നതെന്നും, ബിൽ സഭയിൽ സമർപ്പിച്ച ശേഷം പുതിയ ചില നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, ആയതിന് കൂടുതൽ വ്യക്തത വരുത്തുന്നതിനായി ഭേദഗതികൾ വിശദമായി പഠിക്കേണ്ടതുണ്ടെന്നും ആയതിനായി ഒരു ദിവസം കൂടി യോഗം ചേരണമെന്നും വിലയിരുത്തിയ സമിതി പ്രസ്തുത ബില്ലിന്റെ പരിഗണന 12-6-2018-ലേക്ക് മാറ്റിവച്ചു.

3. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്- കരട് പരിഗണന

പ്രസ്തുത കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 5.45-ന് യോഗം പിരിഞ്ഞു.

## 2018 ജൂൺ 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 ജൂൺ 18-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5.00-ന് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. ഇ. പി. ജയരാജൻ, എം.എൽ.എ.
4. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
5. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
6. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
7. ശ്രീ. കെ. രാജൻ, എം.എൽ.എ.
8. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എ. റ്റി. ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ

2. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

11-6-2018-ന് ചേർന്ന സമിതി യോഗത്തിൽ ഈ ബിൽ പരിഗണനയ്ക്കെടുത്തു വെങ്കിലും ബില്ലിന് മേൽ കൂടുതൽ വിശദമായ ചർച്ച ആവശ്യമാണെന്ന് കണ്ടതിനാലാണ് വീണ്ടും യോഗം ചേരുന്നതെന്ന് സമിതി ചെയർമാൻ ആമുഖമായി അറിയിച്ചു

ഖണ്ഡം 2

ഖണ്ഡം (iii) (vi ബി) "ഫണ്ട് എന്നാൽ 27 ഡി വകുപ്പുപ്രകാരം രൂപീകരിക്കുന്ന കാർഷിക അഭിവൃദ്ധി ഫണ്ട് എന്നർത്ഥമാകുന്നു" എന്നത് സമിതി അംഗീകരിച്ചു. ഖണ്ഡം 2(v)(xviii-എ)-യിലെ അവസാനത്തെ വരിയിലെ "നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" എന്ന വാക്കുകൾക്കുപകരം "നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമിയോ ഖണ്ഡം 5(4)(i)-ലെ വ്യവസ്ഥകൾ പ്രകാരം ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്തിടത്ത്, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ നികത്തപ്പെട്ട ഭൂമിയായി കിടക്കുന്നതും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ" എന്ന വാക്കുകൾ ചേർക്കുവാൻ സമിതി തീരുമാനിച്ചു.

ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വരുന്നതിന് മുമ്പ് നികന്നതോ നികത്തിയതോ അമ്പതോ അറുപതോ വർഷങ്ങൾ പഴക്കമുള്ള ഫലവൃക്ഷങ്ങളോ കെട്ടിടങ്ങളോ ഉള്ളതുമായ സ്ഥലങ്ങൾ നിലമെന്ന പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത് മാറ്റണമെന്നും 10 സെന്റ് ഭൂമി മാത്രമുള്ള പാവപ്പെട്ട ഒരാൾക്ക് ഇപ്പോൾ സ്വന്തം സ്ഥലത്ത് വീട് നിർമ്മിക്കാൻ സാധിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകണ മെന്നും സമിതി ചെയർമാൻ പറഞ്ഞു. ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ഏജൻസിയെ ചുമതലപ്പെടുത്തിയെങ്കിലും 126 പഞ്ചായത്തുകളിൽ മാത്രമാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്നും ഭൂമിയുമായി ബന്ധപ്പെട്ട ധാരാളം കേസുകൾ കേരള ഹൈക്കോടതിയിൽ നിലവിലുണ്ടെന്നും നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഭേദഗതി ബിൽ കൊണ്ടുവന്നതെന്നും സമിതി ചെയർമാൻ തുടർന്ന് വിശദീകരിക്കുകയുണ്ടായി.

ഖണ്ഡം 3

നിലവിലെ നിയമപ്രകാരം സർക്കാരിന് നൽകുന്ന ഭൂമിയുടെ കണക്കുകളെല്ലാം മെട്രിക് സിസ്റ്റത്തിലായിരിക്കണമെന്നുള്ളതിനാലാണ് 'സെന്റ്' എന്നുള്ളത് 'ആർ' ആക്കിയതെന്ന് ലാന്റ് റവന്യൂ കമ്മീഷണർ വ്യക്തമാക്കി.

അടിയന്തരമായി ചേരുന്ന പ്രത്യേക ക്യാബിനറ്റ് മീറ്റിംഗിൽ സമിതി ചെയർമാനും, എക്സ്-ഒഫീഷ്യോ അംഗത്തിനും പങ്കെടുക്കാനുള്ളതിനാൽ പ്രസ്തുത ബില്ലിന്മേൽ തുടർന്നുള്ള ചർച്ച തൊട്ടടുത്ത ദിവസത്തേക്ക് (19-6-2018) മാറ്റിവയ്ക്കുന്നതിന് യോഗത്തിൽ ഉണ്ടായ നിർദ്ദേശം സമിതി അംഗീകരിക്കുകയും 19-6-2018-ന് സഭാ സമ്മേളനത്തിനുശേഷം നിയമസഭാ കോംപ്ലക്സിൽ വീണ്ടും യോഗം ചേരുന്നതിനും ബില്ലിലെ തുടർന്നുള്ള ഭാഗങ്ങൾ പരിഗണിക്കുന്നതിനും തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.20-ന് പിരിഞ്ഞു.

## 2018 ജൂൺ 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 ജൂൺ 19-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം ഉച്ചയ്ക്കുശേഷം 3.45-ന് നിയമസഭാ സമുച്ചയത്തിലെ '3-സി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്, എം.എൽ.എ.
2. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
3. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
4. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
5. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
6. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
7. ശ്രീ. കെ. രാജൻ, എം.എൽ.എ.
8. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. എ. റ്റി. ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ
3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ജെ. ബെൻസി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായി 11-6-2018, 18-6-2018 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗങ്ങളുടെ തുടർച്ചയായുള്ള പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങളെടുക്കുകയുണ്ടായി:

നിലവിലുള്ള നെൽവയൽ-തണ്ണീർത്തട നിയമമനുസരിച്ച് പൊതു ആവശ്യത്തിന് നിലം നികത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഇടപെടലും നടത്താൻ സർക്കാരിന് അധികാരമില്ലാതിരിക്കുന്ന സാഹചര്യത്തിൽ, പാവപ്പെട്ട ജനങ്ങൾക്ക് 10 സെന്റ് ഭൂമിയിൽ വീടും ചെറിയൊരു വരുമാനമാർഗ്ഗവും ഉണ്ടാകുന്നതിന് നിയമപരമായ തടസ്സം ഒഴിവാക്കിക്കൊടുക്കുകയെന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യമെന്നും, ഗെയിൽ പൈപ്പ് ലൈൻ പോലുള്ള അസാധാരണ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത് തികച്ചും ഒരു അനിവാര്യതയാണെന്നും, നികന്നുകിടക്കുന്ന ഭൂമി സംബന്ധമായ ധാരാളം കേസ്സുകൾ ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ ഭേദഗതി ബിൽ എത്രയുംവേഗം പാസ്സാക്കേണ്ടതുണ്ടെന്നും സമിതി ചെയർമാൻ യോഗത്തെ അറിയിച്ചു

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചുവടെ ചേർക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. സർവ്വശ്രീ പി. ബി. അബ്ദുൽ റസ്സാക്ക്, അടൂർ പ്രകാശ്, എം. ഉമ്മർ എന്നീ സമിതിയംഗങ്ങൾ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

**ഭേദഗതികൾ:**

<u>ഖണ്ഡം 2</u>

(1) ബില്ലിന്റെ 2-ാം ഖണ്ഡം (iii)-ാം ഉപഖണ്ഡപ്രകാരം 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ (vi)-ാം ഖണ്ഡത്തിനുശേഷം ചേർക്കുവാനുദ്ദേശിക്കുന്ന (vi <u>ബി</u>) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(vi <u>ബി</u>) "ഫണ്ട്" എന്നാൽ 27 <u>ഡി</u> വകുപ്പ് പ്രകാരം രൂപീകരിക്കുന്ന കാർഷിക അഭിവൃദ്ധി ഫണ്ട് എന്നർത്ഥമാകുന്നു;";

(2) ബില്ലിന്റെ 2-ാം ഖണ്ഡം (v)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിന്റെ 2-ാം വകുപ്പിൽ (xvii)-ാം ഖണ്ഡത്തിനുശേഷം ചേർക്കുവാനുദ്ദേശിക്കുന്ന (xvii <u>എ</u>) ഖണ്ഡത്തിൽ "നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമി" എന്ന വാക്കുകൾക്കുപകരം "നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമിയോ 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ പ്രകാരം ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്തിടത്ത്, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, നികത്തപ്പെട്ട ഭൂമിയായി കിടക്കുന്നതും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റേയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ" എന്ന വാക്കുകളും അക്കങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 3</u>

(1) ബില്ലിന്റെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന, പ്രധാന ആക്റ്റിന്റെ, 5-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ, (i)-ാം ഇനത്തിന്റെ ക്ലിപ്തനിബന്ധനയിൽ "പത്തും അല്ലെങ്കിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "4.04 ആർ വിസ്തൃതിയിലും അല്ലെങ്കിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് 2.02 ആർ വിസ്തൃതിയിലും" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(2) (4)-ാം ഉപവകുപ്പിൽ,—

(i) (i)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ അപ്രകാരം പ്രദർശിപ്പിക്കുന്ന ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതും റവന്യൂ ഡിവിഷണൽ ഓഫീസർ അപ്രകാരമുള്ള അപേക്ഷകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മൂന്ന് മാസത്തിനുള്ളിൽ തീർപ്പാക്കേണ്ടതും അപ്രകാരമുള്ള തീരുമാനത്തിൽ പ്രസ്തുത ഡാറ്റാബാങ്കിൽ നിലമായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഭൂമി അപ്രകാരമുള്ള ഭൂമിയല്ല എന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ കാണുന്നപക്ഷം, ആയത് ഡാറ്റാബാങ്കിൽ നിന്നും നീക്കം ചെയ്തതായി കരുതപ്പെടുന്നതുമാണ്.";

(ii) (iv)-ാം ഇനം വിട്ടുകളയേണ്ടതാണ്.

<u>ഖണ്ഡം 4</u>

ബില്ലിന്റെ 4-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന, പ്രധാന ആക്റ്റിന്റെ, 8-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ, "രണ്ടു മാസങ്ങൾക്കകം" എന്ന വാക്കുകൾക്കുപകരം "മൂന്നു മാസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 5</u>

ബില്ലിലെ 5-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"5. <u>9-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "പത്തും മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ അഞ്ചും സെന്റിൽ" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "4.04 ആർ വിസ്തൃതിയിലും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 2.02 ആർ വിസ്തൃതിയിലും" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

<u>(2)</u> (8)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(9) (5)-ാം ഉപവകുപ്പു പ്രകാരം ജില്ലാതല അധികൃത സമിതിയോ (7)-ാം ഉപവകുപ്പ് പ്രകാരം ജില്ലാ കളക്ടറോ പുറപ്പെടുവിക്കുന്ന ഉത്തരവിൽ, അനുമതി നൽകപ്പെട്ട ഭൂമിയുടെ സർവ്വേ നമ്പരും, ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും വ്യക്തമായി സൂചിപ്പിക്കേണ്ടതും അപ്രകാരമുള്ള ഭൂമിയുടെ മേൽപ്പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള ഒരു സ്കെച്ച് ഉത്തരവിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.".

ഖണ്ഡം 6

ബില്ലിന്റെ 6-ാം ഖണ്ഡപ്രകാരം, പ്രധാന ആക്റ്റിൽ പകരം ചേർക്കുവാനുദ്ദേശിക്കുന്ന 10-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ "റദ്ദാക്കാവുന്നതാണ്" എന്ന വാക്കിനുപകരം "റദ്ദാക്കാവുന്നതും പ്രസ്തുത ഭൂമി 13-ാം വകുപ്പ് പ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതും ജില്ലാ കളക്ടർ നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അപ്രകാരം ചെയ്യുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

ഖണ്ഡം 7

ബില്ലിന്റെ 7-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന, പ്രധാന ആക്റ്റിന്റെ, 12-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൽ, "നീക്കം ചെയ്യപ്പെട്ടതോ അല്ലെങ്കിൽ നെൽവയലോ തണ്ണീർത്തടമോ നികത്തുവാനുപയോഗിക്കുന്നതോ ആയ ഏതെങ്കിലും കളിമണ്ണ്, മണൽ, മണ്ണ് മുതലായവ" എന്ന വാക്കുകൾക്കുപകരം "നീക്കം ചെയ്യപ്പെട്ട കളിമണ്ണോ മണലോ മണ്ണോ, ഇവയിൽ ഏതെങ്കിലുമോ എല്ലാമോ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടൈൽ മുതലായവയോ അല്ലെങ്കിൽ നെൽവയലോ തണ്ണീർത്തടമോ നികത്തുവാനുപയോഗിക്കുന്ന കളിമണ്ണോ മണലോ മണ്ണോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 9

ബില്ലിന്റെ 9-ാം ഖണ്ഡത്തിൽ "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ" എന്ന വാക്കുകൾക്ക് പകരം "ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വഭാവ വ്യതിയാനം വരുത്തിയിട്ടുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 10

ബില്ലിന്റെ 10-ാം ഖണ്ഡം (3)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിന്റെ 16-ാം വകുപ്പിൽ,—

(1) പുതുതായി ചേർക്കാനുദ്ദേശിക്കുന്ന (3 എഫ്) ഉപവകുപ്പിൽ "പരിഗണിക്കേണ്ടതുമാണ്" എന്ന വാക്കിന് പകരം "പരിഗണിക്കേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) പുതുതായി ചേർക്കാനുദ്ദേശിക്കുന്ന (3 ജി) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(3) പുതുതായി ചേർക്കാനുദ്ദേശിക്കുന്ന (3 എച്ച്) മുതൽ (3 ജെ) വരെ ഉപവകുപ്പുകൾ (3 ജി) മുതൽ (3 ഐ) വരെ ഉപവകുപ്പുകളായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (3 ജി) ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "പത്ത് ശതമാനം" എന്ന വാക്കുകൾക്കു പകരം "എഴുപത്തിയഞ്ച് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്.

(4) അപ്രകാരം പുനരക്ഷമിട്ട (3 ജി) വകുപ്പിന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ന്യായനിർണ്ണയം നടത്തേണ്ടതും" എന്ന വാക്കുകൾക്കുമുമ്പായി "സമ്മറിയായി" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(5) (3 സി) ഉപവകുപ്പിൽ (3 എച്ച്) എന്നത് (3 ജി) ആയി പുനരക്ഷരം ചെയ്യേണ്ടതാണ്.

(6) (5)-ാം ഉപഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന (5)-ാം ഉപവകുപ്പിന്റെ (iv)-ാം ഇനം വിട്ടുകളയേണ്ടതാണ്.

ഖണ്ഡം 11

ബില്ലിന്റെ 11-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിന്റെ 19-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "കളിമണ്ണ്, മണൽ, മണ്ണ് മുതലായവയോ" എന്ന വാക്കുകൾക്കു പകരം "കളിമണ്ണ്, മണൽ, മണ്ണ് മുതലായവയോ ഇവയിലേതെങ്കിലുമോ എല്ലാമോ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടൈൽ തുടങ്ങിയവയോ" എന്ന വാക്കുകൾ ചേർക്കേണ്ടതും "കളക്ടർക്ക്" എന്ന വാക്കിനുപകരം "ജില്ലാ കളക്ടർക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്.

ഖണ്ഡം 12

ബില്ലിന്റെ 12-ാം ഖണ്ഡം (ii)-ാം ഇനപ്രകാരം പ്രധാന ആക്റ്റിന്റെ 20-ാം വകുപ്പിൽ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കുശേഷം ചേർക്കുവാനുദ്ദേശിക്കുന്ന ക്ലിപ്തനിബന്ധനയിൽ "കളിമണ്ണ്, മണൽ, മണ്ണ് മുതലായവ" എന്ന വാക്കുകൾക്കുപകരം "കളിമണ്ണ്, മണൽ, മണ്ണ്, ഇഷ്ടിക, ടൈൽ മുതലായവ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 15

ബില്ലിന്റെ 15-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പുതിയതായി ചേർക്കുവാനുദ്ദേശിക്കുന്ന,—

(1) 27 എ വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) അപേക്ഷ അനുവദിക്കുന്നപക്ഷം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ഒരു ഫീസ് നൽകുവാൻ അപേക്ഷകൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

എന്നാൽ അപേക്ഷ അനുവദിക്കുന്ന ഭൂമി 1967-ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിന്റെ പ്രാരംഭത്തീയതിയായ 1967 ജൂലൈ 4-ാം തീയതിയ്ക്ക് മുമ്പ് നികത്തിയതോ നികന്നതോ ആണെന്ന് അപേക്ഷകൻ നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി തെളിയിക്കുന്നപക്ഷം അപ്രകാരമുള്ള യാതൊരു ഫീസും ഈടാക്കുവാൻ പാടുള്ളതല്ല";

(ii) (6)-ാം ഉപവകുപ്പിൽ "പരമാവധി" എന്ന വാക്കിന് മുമ്പായി "1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും (1994-ലെ 13), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലും (1994-ലെ 20) എന്തു തന്നെ അടങ്ങിയിരുന്നാലും" എന്ന വാക്കുകളും, അക്കങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കേണ്ടതാണ്.

(iii) (7)-ാം ഉപവകുപ്പിൽ "2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റിന്റെ പ്രാബല്യത്തീയതിയിലുള്ള" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രായ്ക്കറ്റുകൾക്കും പകരം "2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് പ്രകാരം" എന്ന വാക്കുകളും അക്കങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കേണ്ടതാണ്;

(iv) (12)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(13) 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റിന്റെ പ്രാബല്യത്തീയതി മുതൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം സംബന്ധിച്ച് ലഭിക്കുന്ന ഏതൊരു അപേക്ഷയും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം മാത്രം പരിഗണിക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.";

(2) 27 ബി വകുപ്പ് (2)-ാം ഉപവകുപ്പിൽ "അയ്യായിരം" എന്ന വാക്കിന് പകരം "അഞ്ഞൂറ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(3) 27 <u>ഡി</u> വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"27 <u>ഡി</u>. <u>കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ രൂപീകരണം</u>.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഫണ്ട് എന്ന് പരാമർശിക്കപ്പെടുന്ന "കാർഷിക അഭിവൃദ്ധി ഫണ്ട്" രൂപീകരിക്കേണ്ടതാണ്.

(2) ഫണ്ടിന്റെ നടത്തിപ്പ് സർക്കാർ നിയോഗിക്കുന്ന സംസ്ഥാനതല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതും ലോക്കൽ ഫണ്ടിന്റെ ആഡിറ്റിന് ആയത് വിധേയമായിരിക്കേണ്ടതുമാണ്.

(3) ഫണ്ടിന്റെ സ്വരൂപിക്കലും കൈകാര്യം ചെയ്യലും വിനിയോഗിക്കലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.".

യോഗം വൈകുന്നേരം 5.15 ന് പിരിഞ്ഞു.

## 2018 ജൂലൈ 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 ജൂലൈ 25-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
3. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
4. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. എ. റ്റി. ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ
2. ശ്രീ. റ്റി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി എൽ. ഗീത, സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്
4. ശ്രീമതി ടെസ്സി പി. ജോസ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം "പാട്ടക്കുടിശ്ശികയിനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക" എന്ന വിഷയം, എസ്.ആർ.ഒ.കളുടെ സാധൂകരണം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച

നടപടി സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റ് വിഷയങ്ങൾ എന്നിവ സമിതി പരിഗണിക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## I. "പാട്ടക്കുടിശ്ശികയിനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക" എന്ന വിഷയത്തിന്മേലുള്ള ചർച്ച

പാട്ടക്കുടിശ്ശികയിനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക ഏകദേശം 600 കോടി രൂപയോളമുണ്ടെന്നും ടി തുക പിരിച്ചെടുക്കുകയാണെങ്കിൽ സർക്കാരിന് നല്ലൊരു വരുമാനമാകുമെന്നും, എന്നാൽ ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള കേസുകളിന്മേൽ സ്റ്റേ നിലവിലുണ്ടെന്നും, പ്രസ്തുത സ്റ്റേ നീക്കാനാവശ്യമായ നടപടികളിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നില്ലായെന്നും സമിതി ചെയർമാൻ യോഗത്തിൽ ആമുഖമായി അറിയിച്ചു.

പാട്ടക്കുടിശ്ശിക സംബന്ധിച്ച് ധാരാളം പോരായ്മകളുണ്ടെന്നും മുന്നുവർഷം കൂടുമ്പോൾ പാട്ടക്കരാർ പുതുക്കേണ്ടതുണ്ടെന്നിരിക്കെ ആയതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും പത്ത് വർഷമായി പാട്ടം പിരിച്ചെടുക്കാത്ത നിരവധി കേസുകളുണ്ടെന്നും, കൂടാതെ ഇത്തരത്തിൽ വിദ്യാഭ്യാസ സാംസ്കാരിക ആവശ്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു വരുന്ന നിരവധി സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, വിവിധ ദേവാലയങ്ങൾ എന്നിവയ്ക്കുവേണ്ടി പാട്ടത്തിന് നൽകിയ ഭൂമികളിൽ നിന്ന് സമയബന്ധിതമായി തുക പിരിച്ചെടുക്കാൻ സാധിക്കാതിരിക്കുന്ന അവസ്ഥയുണ്ടെന്നും നേരത്തെ പാട്ടത്തുകയായി വലിയൊരു സംഖ്യ നിശ്ചയിച്ചിട്ടുണ്ടായിരുന്നതിൽ കുറവ് വരുത്തി ഭൂമിയുടെ മാർക്കറ്റ് വിലയുടെ 2.5 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ടെന്നും ലാന്റ് റവന്യൂ കമ്മീഷണർ വ്യക്തമാക്കി. കൂടാതെ പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും നിയമ വകുപ്പ് സെക്രട്ടറിയും ലാന്റ് റവന്യൂ കമ്മീഷണറും മെമ്പർമാരുമായി പുതിയൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും കൂടാതെ കമ്മീഷണറേറ്റിൽ ഒരു സ്പെഷ്യൽ സെല്ലും രൂപീകരിച്ചിട്ടുണ്ടെന്നും എല്ലാ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള വിവരങ്ങൾ ടി സെൽ പരിശോധിച്ചതിൽ പല കണക്കുകളുടെയും നിജസ്ഥിതിയിൽ സംശയമുണ്ടെന്നും പലപ്പോഴും പല തരത്തിലുള്ള കണക്കുകളാണ് ലഭിക്കുന്നതെന്നും അദ്ദേഹം വിശദീകരിച്ചു. അതോടൊപ്പം ഈ വിഷയം സംബന്ധിച്ച് കൃത്യമായ നിർണ്ണയവും പഠനവും നടന്നുകൊണ്ടിരിക്കുകയാണെന്നും സമയബന്ധിതമായി അത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ സമിതി മുൻപാകെ ബോധിപ്പിക്കുകയുണ്ടായി.

പാട്ടവാടക നിശ്ചയിച്ച് കഴിഞ്ഞാൽ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങുന്ന ധാരാളം കേസുകളുണ്ടെന്നും ആയതിൽ കൂടുതലും വൻകിടക്കാരാണെന്നും, പാട്ടം അടയ്ക്കാൻ നിർവ്വാഹമില്ലാതെ കുറച്ചുപേർ ഭൂമി വിട്ടുതന്നിട്ടുണ്ടെന്നും എന്നാൽ ഭൂമി വിട്ടുതരാതെയും വാടക അടയ്ക്കാതെയുമുള്ളവർ ധാരാളമുണ്ടെന്നും, പാട്ടക്കുടിശ്ശികയിനത്തിൽ 600 കോടിക്ക് മേൽ തുക സർക്കാരിന് ലഭിക്കാനുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പാട്ടക്കുടിശ്ശിക സംബന്ധിച്ച കേസുകളിന്മേലുള്ള സ്റ്റേ ആറ് മാസത്തേയ്ക്ക് മാത്രമേ നിലനിൽക്കുകയുള്ളൂയെന്ന് 2018-ൽ സുപ്രീം കോടതി വിധിയുണ്ടെന്ന് നിരീക്ഷിച്ച സമിതി, പ്രസ്തുത സ്റ്റേകളുടെ കാലാവധി കഴിഞ്ഞിട്ടുള്ള കക്ഷികൾക്ക് നോട്ടീസ് നൽകണമെന്നും വിഷയം അഡ്വക്കേറ്റ് ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രസ്തുത കേസുകളിന്മേലുള്ള സ്റ്റേ ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, നിലവിൽ സ്റ്റേ ഇല്ലാത്ത കേസുകളിൽ പാട്ട കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കർശന നിലപാടെടുക്കണമെന്നും നിർദ്ദേശിച്ചു. കൂടാതെ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ കേസുകൾ പരിശോധിച്ച് നടപടികൾ ശിപാർശ ചെയ്യുന്നതിനായി രൂപീകരിച്ച കമ്മിറ്റി, സർക്കാരിന് നൽകിയ താൽക്കാലിക റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തി ആയതിന്മേൽ സർക്കാർ ഉത്തരവാക്കിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## II. എസ്.ആർ.ഒ.കളുടെ സാധൂകരണം

(ഫയൽ നമ്പർ 5925/സബ്.സി.ബി1/2017/നി.സെ.)

എസ്.ആർ.ഒ. നമ്പർ 621/2017, 66/2018 (The Kerala Land Assignment (Amendment) Rules, 2017 & 2018) എന്നിവ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു.

## III. നടപടി സ്റ്റേറ്റ്മെന്റ് പരിഗണന

(1) 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 5

(ഫയൽ നമ്പർ 3064/സബ്.സി.ബി1/2012/നി.സെ.)

(2) 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 6

(ഫയൽ നമ്പർ 3162/സബ്.സി.ബി1/2014/നി.സെ.)

(3) 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 8

(ഫയൽ നമ്പർ 3409/സബ്.സി.ബി1/2015/നി.സെ.)

(4) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015' സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ശിപാർശകൾ

(ഫയൽ നമ്പർ 1589/സബ്.സി.ബി1/2016/നി.സെ.)

'ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക്' പകരമായി സർക്കാർ, 'ലൈഫ് പദ്ധതി' ആവിഷ്കരിച്ചിരിക്കുന്നതിനാലാണ് ആയതുമായി ബന്ധപ്പെട്ട ശിപാർശകൾക്ക് ഒരേ മറുപടി നൽകിയിരിക്കുന്നതെന്ന് ലാന്റ് റവന്യൂ കമ്മീഷണർ വ്യക്തമാക്കി. തുടർന്ന് പ്രസ്തുത മറുപടികൾ സമിതി അംഗീകരിക്കുകയും ടി വിഷയം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു.

(5) 30-4-2014-ലെ സമിതി യോഗനിർദ്ദേശത്തിന്മേലുള്ള നടപടി

(ഫയൽ നമ്പർ 3042/സബ്.സി.ബി1/2014/നി.സെ.)

തൃശ്ശൂർ ജില്ലയിലെ ആദിവാസികൾക്ക് നൽകിയ 87 ഏക്കർ ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട പരാതിയാണിതെന്നും സർവ്വേ നടത്തിയതിൽ ഭൂമി അന്യാധീനപ്പെട്ടിട്ടില്ലെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും വിശദമാക്കിയ ലാന്റ് റവന്യൂ കമ്മീഷണർ, മേൽ സർവ്വേ പ്രകാരം ആദിവാസികൾക്ക് നൽകിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്കാണ് ലഭ്യമാക്കിയിരിക്കുന്നതെന്നും കുറച്ച് ആളുകൾക്ക് പട്ടയം നൽകിയിരുന്നുവെങ്കിലും അവരാരും ടി സ്ഥലം ഉപയോഗപ്പെടുത്തിയിട്ടില്ലായെന്നും ബോധിപ്പിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ഭൂമി പലപ്പോഴും വാസയോഗ്യമല്ലെന്ന പരാതികൾ പൊതുവിലുള്ളതായി നിരീക്ഷിച്ച സമിതി ഭൂമി നൽകുന്നതിനുമുമ്പ് അത് വാസയോഗ്യമാണോയെന്ന് പരിശോധിക്കണമെന്ന് നിർദ്ദേശം നൽകുകയും പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും ചെയ്തു.

## IV. സമിതിയുടെ ശ്രദ്ധയ്ക്ക്

(1) എസ്.ആർ.ഒ. നമ്പർ 96/2016-ന്മേൽ വിശദീകരണം ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 14032/സബ്.സി.ബി1/2010/നി.സെ.)

കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കരട് ചട്ടങ്ങളിൽ സമിതി അംഗീകരിച്ചതിൽ നിന്നും വ്യത്യസ്തമായി എസ്.ആർ.ഒ. വിജ്ഞാപനം പുറപ്പെടുവിക്കാനുണ്ടായ കാരണം വിശദീകരിച്ചുകൊണ്ട് അടിയന്തരമായി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് റവന്യൂ വകുപ്പിന് സമിതി നിർദ്ദേശം നൽകി.

(2) 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 3-ന്മേൽ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 2797/സബ്.സി.ബി1/2013/നി.സെ.)

കേന്ദ്ര ഗവൺമെന്റ് നൽകിയ തുകയ്ക്ക് പുറമെ അധികമായി തുക നൽകണമെന്നാണ് സമിതി ശിപാർശ ചെയ്തിരുന്നതെന്നും ആയത് സംസ്ഥാന സർക്കാർ നൽകിയിരുന്നില്ലായെന്നും ലാന്റ് റവന്യൂ കമ്മീഷണർ സമിതിയെ ബോധിപ്പിച്ചു. തുടർന്ന് പ്രസ്തുത ശിപാർശയിന്മേലുള്ള ഗവ. മറുപടി ഉടൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

യോഗം വൈകുന്നേരം 4.30-ന് അവസാനിച്ചു.

## 2018 സെപ്റ്റംബർ 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 സെപ്റ്റംബർ 11-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
2 ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. എം. ഉമ്മർ, എം. എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ് , ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
3. ശ്രീ. എ. റ്റി. ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ
4. ശ്രീ. അജിത് പാട്ടീൽ, ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്
5. ശ്രീ. എൻ. വാസു, കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്

6. ശ്രീമതി സി. എ. ലത, സെക്രട്ടറി, സ്റ്റേറ്റ് ലാന്റ് ബോർഡ്

7. ശ്രീ. എം. ഹർഷൻ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

8. ശ്രീമതി കെ. ഷൈലശ്രീ, അഡീഷണൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്

9. ശ്രീമതി ടെസ്സി പി. ജോസ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

10. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി.

2017-18 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിയുടെ പ്രത്യേക നിർദ്ദേശപ്രകാരം പരിഗണിക്കുകയുണ്ടായി. (പ്രസ്തുത വിഷയം അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നില്ല) ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നതിനാൽ പ്രസ്തുത വിഷയം യോഗം പരിഗണിക്കുവാൻ തീരുമാനിച്ചു

പ്രസ്തുത റിപ്പോർട്ടിലെ 11 മുതൽ 21 വരെയും ഖണ്ഡിക 27-ലെയും നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ് 1,100 രൂപ യാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ദേവസ്വം വകുപ്പിനോട് സമിതി നിർദ്ദേശിച്ചു

തുടർന്ന് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം "വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി-അവലോകനം" എന്ന വിഷയം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റ് വിഷയങ്ങൾ എന്നിവ സമിതി പരിഗണിക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## I. "വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി-അവലോകനം" എന്ന വിഷയത്തിന്മേലുള്ള ചർച്ച

മഴക്കാലം മുന്നിൽക്കണ്ടും, മഴക്കാലത്ത് സർക്കാർ സ്വീകരിച്ച നടപടികളും ഉൾപ്പെടുത്തി ധൃതഗതിയിൽ തയ്യാറാക്കിയ ഒരു റിപ്പോർട്ടാണ് സമിതിക്ക് ലഭ്യമാക്കിയിട്ടുള്ളതെന്നും കുറച്ചുകൂടി വിശദമായ റിപ്പോർട്ട് സമിതിയുടെ അടുത്ത യോഗത്തിൽ സമർപ്പിക്കാമെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തെ ആമുഖമായി അറിയിച്ചു

രണ്ട് ദുരന്തങ്ങളാണ് സമീപകാലത്ത് കേരളത്തെ ബാധിച്ചതെന്നും ജൂൺ മാസത്തിൽ ആദ്യം, കോഴിക്കോട് കട്ടിപ്പാറയിൽ ഉരുൾപ്പൊട്ടലും ജൂലൈ മൂന്നാംവാരത്തോടുകൂടി കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ കനത്ത മഴയും ഉണ്ടായതിനെത്തുടർന്ന് ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിത്താമസിപ്പിച്ചുവെന്നും അതിനുശേഷം പ്രസ്തുത വെള്ളപ്പൊക്കബാധിത പ്രദേശങ്ങൾ കേന്ദ്രസംഘം സന്ദർശിക്കുകയുണ്ടായെന്നും അദ്ദേഹം സമിതിയെ ബോധിപ്പിച്ചു. 2018 ആഗസ്റ്റ് 8-ാം തീയതി ആരംഭിച്ച മഴ 16-ാം തീയതിയോടുകൂടി ശക്തി പ്രാപിക്കുകയും 1924-ലുണ്ടായതുപോലുള്ള വലിയദുരന്തം കേരളം നേരിട്ടുവെന്നും ദുരന്തനിവാരണ വകുപ്പും റവന്യൂ വകുപ്പും ബന്ധപ്പെട്ട മറ്റെല്ലാ വകുപ്പുകളും സംയുക്തമായാണ് ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തിയതെന്നും അദ്ദേഹം വ്യക്തമാക്കി.

തുടർന്ന്, സമിതി ദുരന്തനിവാരണ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് ആരായുകയുണ്ടായി. ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നത് ദുരന്തനിവാരണ അതോറിറ്റിയല്ലെന്നും ദുരന്തം ഉണ്ടാകുന്നതിനുമുമ്പ് ആവശ്യമായ തയ്യാറെടുപ്പുകൾക്കായി മറ്റ് വകുപ്പുകളെ സജ്ജരാക്കുകയും പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ് ദുരന്തനിവാരണ അതോറിറ്റിയുടെ ചുമതലയെന്നും ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയും വൈസ് ചെയർമാൻ റവന്യൂ വകുപ്പുമന്ത്രിയുമാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

കേരളം അഭിമുഖീകരിക്കാവുന്ന ദുരന്തങ്ങൾ സംബന്ധിച്ച് 2016-ൽ തന്നെ ദുരന്തനിവാരണ അതോറിറ്റി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ദുരന്ത നിവാരണ വകുപ്പ് ആയത് അംഗീകരിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ടെന്നും മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ, വകുപ്പുതല പ്ലാനും ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ദുരന്തനിവാരണ അതോറിറ്റി, മൊത്തത്തിലുള്ള പ്ലാനും ജില്ലാതല വകുപ്പുകളുടെ പ്രത്യേക പ്ലാനും തയ്യാറാക്കണമെന്നാണ് ആക്ടിൽ പ്രതിപാദിക്കുന്നതെന്നും ആക്ട് അനുസരിച്ച് റവന്യൂ വകുപ്പൊഴികെ മറ്റൊരു വകുപ്പും ഇതുവരെ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലായെന്നും ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

റവന്യൂ വകുപ്പിന്റെ പ്ലാൻ അനുസരിച്ച് പ്രളയമുണ്ടായാൽ ആർമി, നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്, നേവി, കോസ്റ്റ്ഗാർഡ് എന്നിവരുടെ സർവ്വീസ് ആവശ്യപ്പെടാവുന്നതാണെന്നും, കൂടാതെ മത്സ്യബന്ധന തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകി അവരെ സജ്ജരാക്കുകയും തുടർന്നുവരുന്ന രക്ഷാപ്രവർത്തനങ്ങൾക്കായി പ്രസ്തുത പ്ലാനിന്റെ ഭാഗമാക്കി ഇനി അവരെയും ഉൾപ്പെടുത്തുമെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സംസ്ഥാനം നേരിട്ട മഹാപ്രളയത്തിൽ സർക്കാർ നടത്തിയ ദുരന്ത നിവാരണ പ്രവർത്തനങ്ങളെക്കുറിച്ച് സമിതിക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ വിവരങ്ങൾ ഓരോന്നും ഇതിന്റെ തുടർച്ചയായി അദ്ദേഹം വിശദീകരിക്കുകയുണ്ടായി.

വിവിധ പ്രദേശങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് 14 ലക്ഷത്തോളം ആളുകളെ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയുണ്ടായി. ടി ആളുകളെ പുനരധിവസിപ്പിക്കുക എന്നതാണ് രണ്ടാം ഘട്ട പ്രവർത്തനമെന്നും, സംസ്ഥാനത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ കേന്ദ്രസംഘം എത്തുന്നതാണെന്നും പ്രസ്തുത സംഘത്തിന് സമർപ്പിക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് തയ്യാറാക്കുന്നതാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

പ്രളയബാധിതർക്ക് ആശ്വാസ ധനസഹായമായി 10,000 രൂപയും, വീട്ടുപകരണങ്ങൾ വാങ്ങാനും ഉപജീവനോപാധികൾക്കുമായി കുടുംബശ്രീയും ബാങ്കുമായി ചേർന്ന് ഒരു ലക്ഷം രൂപ ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിയും തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിനായി ഉത്തരവിറക്കിയിട്ടുണ്ടെന്നും വകുപ്പുസെക്രട്ടറി അറിയിച്ചു. ദുരിതാശ്വാസത്തിനായി ലഭിച്ചിട്ടുള്ള സാധനങ്ങൾ ശേഖരിക്കുകയും അവ അർഹരായവർക്ക് വിതരണം നടത്തുകയും ചെയ്തുവെന്നും ഇനിയും ശേഖരിക്കപ്പെട്ട സാധനങ്ങൾ അർഹരായവർക്ക് താമസംവിനാ വിതരണം ചെയ്യുന്നതുമാണെന്നും വിശദീകരിക്കുകയുണ്ടായി.

പ്രളയംമൂലം വീടുകൾക്കുണ്ടായ നഷ്ടം കണക്കാക്കുന്നതിന് 'ക്രൗഡ് സോഴ്സിംഗ് പ്ലാറ്റ്ഫോം' എന്നൊരു മിഷനുണ്ടാക്കുകയും അതിനൊരു കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും അറിയിച്ച റവന്യൂ അധികൃതർ ആയതിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളും മറ്റുള്ളവരും വോളണ്ടിയർമാരായി പ്രവർത്തിക്കുകയും വീടുകളുടെ നാശനഷ്ടങ്ങളുടെ വിവരങ്ങൾ ടി പ്ലാറ്റ്ഫോമിലേയ്ക്ക് അപ്‌ലോഡ് ചെയ്തതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർ സ്ഥല പരിശോധന നടത്തുകയും ചെയ്യുമെന്നും വ്യക്തമാക്കി.

നഷ്ടം 15 ശതമാനത്തിന് താഴെ മാത്രം സംഭവിച്ച വീടുകളുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ധനസഹായം നൽകാൻ കഴിയില്ലായെന്നും 15 ശതമാനത്തിനും അതിന് മുകളിലുമുള്ള നഷ്ടത്തിന് ഒരു പ്രത്യേക ഘടന പ്രകാരം രേഖപ്പെടുത്തൽ നടത്തുമ്പോൾ കേന്ദ്രഗവൺമെന്റിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് ആയതിനുള്ള ധനസഹായം റവന്യൂ വകുപ്പ് ലഭ്യമാക്കുമെന്നും എന്നാൽ വ്യാപാര സ്ഥാപനങ്ങളുടെ നഷ്ടം കണക്കാക്കുന്നത് വില്പന നികുതി ഉദ്യോഗസ്ഥരാണെന്നും ആയതിന്റെ ഇൻഷ്വറൻസ് നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ കണക്കെടുപ്പ് നടത്തുന്നത് ഇൻഷ്വറൻസ് കമ്പനിയാണെന്നും റവന്യൂ അധികൃതർ കൂട്ടിച്ചേർത്തു.

തുടർന്ന് വെള്ളപ്പൊക്കം ബാധിച്ച വില്ലേജുകളെ പരസ്യപ്പെടുത്തിക്കൊണ്ടിറക്കിയ ഉത്തരവിൽ, ഉൾപ്പെടാതെ പോയ വില്ലേജുകളും ഒരു ദുരന്തവും സംഭവിക്കാത്ത വില്ലേജുകളും കാണുന്നതായി സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, വിട്ടുപോയ എല്ലാ വില്ലേജുകളെയും ഉൾപ്പെടുത്തി പുതിയ വിജ്ഞാപനം ഇറക്കുന്നതാണെന്നും കൂടുതൽ ദുരന്തമുണ്ടായ വയനാട്, ഇടുക്കി, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ എന്നീ 7 ജില്ലകളെ ദുരന്തബാധിത ജില്ലകളായി പ്രഖ്യാപിച്ചതിനാലാണ് ദുരന്തമുണ്ടാകാത്ത . വില്ലേജുകൾ ആയതിലുൾപ്പെട്ടതെന്നും ഒരു വില്ലേജ് വിജ്ഞാപനത്തിൽ ഉൾപ്പെടണമെങ്കിൽ പ്രസ്തുത വില്ലേജിലെ 30 ശതമാനം ജനങ്ങളെ ദുരന്തം ബാധിക്കണമെന്ന നിബന്ധന കൂടിയുണ്ടെന്നും റവന്യൂ ഉദ്യോഗസ്ഥർ മറുപടി നൽകി.

വീടുകൾ പൂർണ്ണമായും തകർന്ന ചില പട്ടികവർഗ്ഗ കോളനികളിൽ റവന്യൂ വകുപ്പിന് കണക്കെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും ഉരുൾപൊട്ടലുണ്ടായപ്പോഴും റവന്യൂ ഉദ്യോഗസ്ഥർക്ക് അവിടെ യഥാസമയം എത്തിച്ചേരാനോ രേഖകൾ ശേഖരിക്കാനോ സാധിച്ചില്ലെന്നും സമിതി നിരീക്ഷിക്കുകയുണ്ടായി. ദുരന്തം അനുഭവിച്ച എല്ലാവരുടേയും വിശദവിവരം ലഭ്യമാക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലുടൻ ആയത് പരസ്യപ്പെടുത്തുന്നതാണെന്നും റവന്യൂ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

തുടർന്ന്, റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ തുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഉപയോഗിച്ച് പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിൽ, വെള്ളം ഇറങ്ങാത്ത വീടുകളിൽ മാത്രമേ ശുചീകരണം ബാക്കിയുള്ളുവെന്നും ആയിരക്കണക്കിന് മൃഗങ്ങളുടെ മൃതദേഹം സംസ്കരിക്കുന്നതിനുള്ള സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക നിർദ്ദേശം നൽകിയാണ് കണ്ടെത്തിയതെന്നും റവന്യൂ ഉദ്യോഗസ്ഥർ വിശദീകരിച്ചു. വൈദ്യുതി ബോർഡിന്റെ 25 ലക്ഷം സർവ്വീസ് കണക്ഷനുകളും, വാട്ടർ അതോറിറ്റി കണക്ഷനുകളും വിച്ഛേദിക്കപ്പെട്ടത് മറ്റെവിടെയും കാണാത്തത്ര വേഗതയിലാണ് പുനഃസ്ഥാപിച്ചതെന്നും സ്വന്തം വീട് വെള്ളത്തിൽ മുങ്ങിക്കിടന്നപ്പോഴും ദുരിതാശ്വാസ പ്രവർത്തനത്തിൽ പങ്കെടുത്ത ജീവനക്കാരുമുണ്ടെന്നും റവന്യൂ അധികൃതർ കൂട്ടിച്ചേർത്തു.

ഈയവസരത്തിൽ, 791000 കുടുംബങ്ങളാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിയതെന്നും ധനസഹായത്തിന് അർഹരാണെന്ന് കണ്ടതായ 600000-ലധികം കുടുംബങ്ങളിൽ 500000-ഓളം കുടുംബങ്ങൾക്ക് 10,000 രൂപ വീതം ഇതിനോടകം നൽകിയിട്ടുണ്ടെന്നും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളവർക്കും അക്കൗണ്ട്

ഇല്ലാത്തവർക്കും പുതിയ അക്കൗണ്ട് തുടങ്ങിയശേഷം മാത്രമേ പണം നൽകാൻ സാധിക്കുകയുള്ളൂവെന്നും തിരിച്ചുപോകാൻ വീടില്ലാത്തതിനാൽ 120 ക്യാമ്പുകളിലായി 4778 പേർ ഇപ്പോഴും താമസിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുകയുണ്ടായി.

വിദേശത്തുനിന്നും ദുരിതബാധിതർക്കുവേണ്ടി അയച്ച സാധനങ്ങൾ എയർപോർട്ടിൽ കെട്ടിക്കിടക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ കുറച്ച് സാധനങ്ങൾ കെട്ടിക്കിടക്കുന്നുണ്ടെന്നും കസ്റ്റംസ് വകുപ്പിന്റെ ചട്ടങ്ങളനുസരിച്ച് ആരുടെ പേരിലാണോ പ്രസ്തുത സാധനങ്ങൾ അയച്ചത്, പ്രസ്തുത വ്യക്തി എത്തിയാൽ മാത്രമേ സാധനങ്ങൾ ലഭ്യമാകുകയുള്ളൂവെന്നും ഹൈക്കോടതിയുടെ ഒരു ഉത്തരവിനെത്തുടർന്ന്, ടി വ്യക്തിയെ കൺസൈൻമെന്റിനുവേണ്ടി മാത്രം റിലീഫ് ഏജൻസിയായി പ്രഖ്യാപിക്കുകയും ജില്ലാ കളക്ടർ സാധനങ്ങൾ ഏറ്റെടുത്ത് വിതരണത്തിനായി അവരെ ഏൽപ്പിക്കുകയും ചെയ്യണമെന്നാണ് പറയുന്നതെന്നും റവന്യൂ ഉദ്യോഗസ്ഥർ മറുപടി നൽകി. കൂടാതെ, 'കേരള റിലീഫ് ' എന്ന പേരിലുള്ള സാധനങ്ങളെല്ലാം കളക്ടർ ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുണ്ടെന്നും റെയിൽവേ സ്റ്റേഷനിൽ ഏറ്റെടുക്കാതെ കിടക്കുന്ന സാധനങ്ങൾ കളക്ടർക്ക് കൈമാറാൻ റെയിൽവേ തീരുമാനിച്ചിട്ടുണ്ടെന്നും റവന്യൂ അധികൃതർ അറിയിച്ചു

## II. നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

ചുവടെ ചേർക്കുന്ന വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

1. 2013-14-ലെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 3
(ഫയൽ നമ്പർ 2797/സബ്.സി.ബി1/2013/നി.സെ.)

2. 2014-15-ലെ നാലാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 13
(ഫയൽ നമ്പർ 3162/സബ്.സി.ബി1/2014/നി.സെ.)

3. 2017-18-ലെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 3, 4, 5, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 27
(ഫയൽ നമ്പർ 2529/സബ്.സി.ബി1/2017/നി.സെ.)

4. 'ഭൂമി കേരളം പദ്ധതി' സംബന്ധിച്ച സമിതി റിപ്പോർട്ടിലെ ശിപാർശ നമ്പർ 13
(ഫയൽ നമ്പർ 3401/സബ്.സി.ബി1/2014/നി.സെ.)

## III. സമിതിയുടെ ശ്രദ്ധയ്ക്ക്

ദി ഗവ. ലാന്റ് (അലോട്ട്മെന്റ് & അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസ്, 1998-പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്

പ്രസ്തുത ചട്ടം വ്യവസായ വകുപ്പിനെ സംബന്ധിച്ചിട്ടുള്ളതാണെന്നും ആയതിന് കുറച്ചുകൂടി വിവരങ്ങൾ ആവശ്യമാണെന്നാണ് ടി വകുപ്പിൽ നിന്നും അറിയിച്ചിരിക്കുന്നതെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം 18 വർഷം പിന്നിട്ടതായി മനസ്സിലാക്കിയ സമിതി സർക്കാർ നടപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. ആയത് സമിതിയോടുള്ള അനാദരവായി കണക്കാക്കുകയും അടുത്ത സമിതിയോഗത്തിൽ ടി വിഷയത്തിന് പ്രഥമ പരിഗണന നൽകി റവന്യൂ, വ്യവസായ വകുപ്പ് സെക്രട്ടറിമാർ സമിതി മുൻപാകെ നേരിട്ട് ഹാജരായി പ്രസ്തുത വിഷയത്തിന്മേൽ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് അവസാനിച്ചു.

## 2018 ഒക്ടോബർ 31-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2018 ഒക്ടോബർ മാസം 31-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
3. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
4. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. എ. റ്റി. ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ
3. ശ്രീമതി സി. എ. ലത, സെക്രട്ടറി, സ്റ്റേറ്റ് ലാന്റ് ബോർഡ്
4. ശ്രീമതി ടെസ്സി പി. ജോസ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
5. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. കെ. ബിജു, ഡയറക്ടർ, വ്യവസായ വകുപ്പ്.

ദി ഗവൺമെന്റ് ലാൻഡ് (അലോട്ട്മെന്റ് & അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസ്, 1998-മായി ബന്ധപ്പെട്ട പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച് റവന്യൂ, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും കരട് ചട്ടം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുകയും ആയതിന്മേൽ ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## I. സമിതിയുടെ ശ്രദ്ധയ്ക്ക്

<u>ദി ഗവൺമെന്റ് ലാൻഡ് (അലോട്ട്മെന്റ് & അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസ്, 1998-പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച് റവന്യൂ, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പ്</u>

(ഫയൽ നമ്പർ 15150/സബ്.സി.ബി1/99/നി.സെ.)

പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിൽ വ്യവസായ വകുപ്പ്, ലീസ് റൂളിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടെന്നും ലാൻഡ് അലോട്ട്മെന്റിന് മുൻകാലങ്ങളിൽ റൂളില്ലാതിരുന്നതിനാൽ 2013 മുതൽ വ്യവസായ വകുപ്പ് അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിലോ ഹയർ പർച്ചേസ് വ്യവസ്ഥയിലോ ലാൻഡ് അലോട്ട് ചെയ്തിരുന്നില്ലായെന്നും നിലവിൽ എഗ്രിമെന്റ് നടത്തി മുഴുവൻ തുകയും അടച്ച് 30 വർഷത്തേക്ക് ലീസിന് നൽകുന്ന സംവിധാനമുണ്ടാക്കിയിട്ടുണ്ടെന്നും പ്രസ്തുത റൂൾ പരിശോധിച്ച് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയോ, ഗവൺമെന്റ് റൂൾ ഇറക്കിയതിനുശേഷം സമിതി സാധൂകരിക്കുകയോ ചെയ്താൽ മതിയാകുന്നതാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു

2000-ൽ സമിതി ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് പ്രസ്തുത കരട് ചട്ടം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 19 വർഷമായിട്ടും ഇക്കാര്യത്തിന്മേൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നത് സമിതിയോടുള്ള തികഞ്ഞ അനാദരവ് ആയതാണ് വിഷയമെന്ന് സമിതി ചൂണ്ടിക്കാട്ടിയ വേളയിൽ പ്രസ്തുത റൂളിന്റെ അന്തിമ കരട് രണ്ട് ആഴ്ചയ്ക്കുള്ളിൽ പരിശോധിച്ച് സമിതിക്ക് കൈമാറാമെന്ന് റവന്യൂ അധികൃതർ ബോധിപ്പിച്ചു കൂടാതെ ഇനിമുതൽ അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ഭൂമി നൽകില്ലായെന്നും ഒരു പ്രത്യേക കമ്മിറ്റി തിരഞ്ഞെടുക്കുന്ന ആളുകൾക്ക് ഭൂമി ലഭിക്കുന്നതിന് ലീസ് എഗ്രിമെന്റ് ഒപ്പിടണമെന്നും നിലവിൽ ഭൂമി വാങ്ങണമെങ്കിൽ മുഴുവൻ തുകയും അടയ്ക്കണമെന്നും ഇപ്പോൾ ഭൂമിയുടെ ലഭ്യത കുറവായതിനാൽ ഭൂമി ഏറ്റെടുത്ത് പുതിയ എസ്റ്റേറ്റ് തുടങ്ങിയാൽ മാത്രമേ അലോട്ട്മെന്റ് നടക്കുകയുള്ളുവെന്നും റവന്യൂ അധികൃതർ വിശദീകരിച്ചു. ഈയവസരത്തിൽ യാതൊരു കാരണവശാലും ഇത്തരത്തിലുള്ള കാലതാമസം തുടരാമെന്നുള്ള സമീപനം അംഗീകരിക്കാനാകില്ലായെന്നും സമിതിയുടെ അടുത്ത യോഗത്തിന് മുമ്പായി ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കണമെന്നും സമിതി കർശന നിർദ്ദേശം നൽകുകയുണ്ടായി.

മുൻപ് വ്യവസായം തുടങ്ങുന്നതിന് ഭൂമി ലഭിച്ച് കഴിഞ്ഞ് വ്യവസായമൊന്നും നടത്താത്തവരുടെ ഭൂമി തിരികെ വ്യവസായ വകുപ്പിന് ലഭിച്ചാൽ ബഹുനില കെട്ടിടം നിർമ്മിച്ച് പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ആവശ്യക്കാർക്ക് വാടകയ്ക്ക് നൽകാൻ സാധിക്കുമെന്നും എങ്കിൽ മാത്രമേ കേരളത്തിൽ കൂടുതൽ വ്യവസായം കൊണ്ടുവരാൻ കഴിയുകയുള്ളുവെന്നും റവന്യൂ അധികൃതർ വ്യക്തമാക്കിയ വേളയിൽ പ്രസ്തുത നിർദ്ദേശം സമിതിയുടെ ശിപാർശയായി നൽകിയാൽ നല്ലതായിരിക്കുമെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ഭൂമിയുടെ ലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശം അഭികാമ്യമാണെന്നും എന്നാൽ വ്യവസായങ്ങൾ വ്യത്യസ്ത സ്വഭാവമുള്ളവയായതിനാൽ ആയതിന് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാനുള്ള സാധ്യത പരിശോധിക്കണമെന്നും സമിതി ചൂണ്ടിക്കാട്ടി. വ്യവസായ വകുപ്പ് ആയതിന്റെ ഭാഗമായി ഒരു പ്രൊപ്പോസൽ എത്രയും വേഗം റവന്യൂ വകുപ്പിന് സമർപ്പിച്ചാൽ റൂളിൽ ഇതിനനുയോജ്യമായ വ്യവസ്ഥ കൂടി ഉൾപ്പെടുത്താൻ സാധിക്കുമെന്നും ടി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി സമിതി മുൻപാകെ റിപ്പോർട്ട് ഹാജരാക്കുന്നതാണെന്നും റവന്യൂ അധികൃതർ സമിതിയെ അറിയിച്ചു

## II. കരട് ചട്ടം പരിഗണന

### 2018-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടങ്ങൾ

(ഫയൽ നമ്പർ 4935/സബ്.സി.ബി1/2018/നി.സെ.)

സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച കരട് ചട്ടത്തിലെ ഖണ്ഡം രണ്ടിൽ, "2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിൽ, 22-ാം ചട്ടം (3)-ാം ഉപചട്ടത്തിലെ (ഡി.എ.) ഖണ്ഡം വിട്ടുകളയേണ്ടതാണ്" എന്ന്

ചേർത്തിരിക്കുന്നു. എന്നാൽ പ്രസ്തുത ചട്ടത്തിലെ '22 എ' ഒരു ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിലെ നീക്കിയിരിപ്പ് തുക മറ്റ് ജില്ലകളിലേക്ക് കൈമാറാൻ സർക്കാരിന് അധികാരം നൽകുന്നു. ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഒരു കോടിയോ അതിൽ കൂടുതലോ നീക്കിയിരിപ്പുള്ള ഏതൊരു ജില്ലയിലെയും റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അങ്ങനെയുള്ള തുകയുടെ അൻപത് ശതമാനത്തിൽ കവിയാത്ത ഒരു തുക, ആ ജില്ലയ്ക്ക് ഉടൻ ആവശ്യമില്ലാത്തപക്ഷം, സർക്കാരിന് പ്രത്യേക ഉത്തരവ് വഴി വരുമാനം കുറഞ്ഞ മറ്റ് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടുകളിലേക്ക് നദീതീര വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിലേക്കോ ഈ ചട്ടങ്ങളിൽ പരാമർശിക്കുന്ന മറ്റേതെങ്കിലും ചെലവുകൾക്ക് അടിയന്തരമായി വിനിയോഗിക്കുന്നതിലേക്കോ വേണ്ടി കൈമാറാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥ ഉള്ളതുകൊണ്ട് നദികളുടെ സംരക്ഷണത്തിനുള്ള ഫണ്ട് മറ്റ് മേഖലകളിൽ ഉപയോഗിക്കുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ജില്ല മാറി യഥേഷ്ടം നൽകുന്നുണ്ടെന്നും ഒരു ജില്ലയിലെ തുക മറ്റു ജില്ലകൾക്ക് നൽകുന്ന നടപടി ഒട്ടും ആശാസ്യമല്ലെന്നും ടി ഫണ്ട് മറ്റൊരു ജില്ലയ്ക്ക് നൽകുന്നതിന് ഒരു മാനദണ്ഡവും നിശ്ചയിച്ചിട്ടില്ലാത്തതിനാൽ '22 എ' കൂടി ചട്ടത്തിൽ നിന്നും ഒഴിവാക്കുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി നിരീക്ഷിക്കുകയുണ്ടായി. മുൻവർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ഓരോ ജില്ലയിലും ചെലവഴിച്ച തുകയിൽ വരവും ചെലവും തമ്മിൽ വലിയ അന്തരമുണ്ടെന്നും ഒരു ജില്ലയ്ക്കു മാത്രം അധികമായി തുക നൽകുന്നത് ശരിയല്ലെന്നും ജില്ല മാറ്റി ടി തുക ചെലവഴിക്കാൻ നിയമത്തിന്റെ പിൻബലം നൽകാത്ത രീതിയിൽ '22 എ' ഒഴിവാക്കാൻ കഴിയാത്തപക്ഷം ആയതിൽ ഭേദഗതി വരുത്തണമെന്നും സമിതി കൂട്ടിച്ചേർത്തു. തുടർന്ന് വിവിധ ജില്ലകളിലെ ഫണ്ട് വിനിയോഗം സമിതി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു ജില്ലയ്ക്കുവേണ്ടി അനിയന്ത്രിതമായി മറ്റ് ജില്ലകളിൽ നിന്നും ഫണ്ട് നൽകാൻ പാടില്ലായെന്നും അതേ സമയം അത്യാവശ്യഘട്ടങ്ങളിൽ നിയന്ത്രണത്തോടുകൂടി മറ്റ് ജില്ലകളിലേയ്ക്ക് ഫണ്ട് മാറ്റുന്നതിനും എന്നാൽ കൂടിയ തുക മാറ്റാതിരിക്കാനും വ്യവസ്ഥ ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഒരു ജില്ലയിൽ ഫണ്ട് ധാരാളം ഉണ്ടാവുകയും മറ്റ് ജില്ലകളിൽ അത്രയും വരുമാനം ഇല്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഫണ്ട് കൂടുതലുള്ള ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലെ നദീ സംരക്ഷണ പദ്ധതികൾക്ക് പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി തുക അനുവദിക്കാവുന്ന രീതിയിൽ '22 എ'-യിൽ ഭേദഗതി കൊണ്ടുവരണമെന്ന് സമിതി നിർദ്ദേശിച്ചു. അത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവരാമെന്ന് റവന്യൂ അധികൃതർ സമിതിയെ അറിയിക്കുകയും ഈ സാഹചര്യത്തിൽ പ്രസ്തുത കരട് ചട്ടത്തിന് അംഗീകാരം നൽകുന്നത് സമിതി മാറ്റിവയ്ക്കുകയും ചെയ്തു.

## III. നടപടി സ്റ്റേറ്റ്മെന്റ് പരിഗണന

<u>ചുവടെ ചേർക്കുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:</u>

(1) 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 18.

(ഫയൽ നമ്പർ 3064/സബ്.സി.ബി1 2012/നി.സെ.)

(2) 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 22, 23.

(ഫയൽ നമ്പർ 2529/സബ്.സി.ബി1/2017/നി.സെ.)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിൽ ഇനിയും നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തവയ്ക്ക് അടിയന്തരമായി ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

യോഗം രാവിലെ 11.45-ന് അവസാനിച്ചു

## 2019 ഫെബ്രുവരി 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 ഫെബ്രുവരി മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. ടി. എ. അഹമ്മദ് കബീർ, എം.എൽ.എ.
3. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
4. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
5. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. കെ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വേണു വി., പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. എ. റ്റി. ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ
3. ശ്രീ. ശേഖർ എൽ. കര്യാക്കോസ്, മെമ്പർ സെക്രട്ടറി, ദുരന്തനിവാരണ അതോറിറ്റി
4. ശ്രീ. അജിത് പാട്ടീൽ, ഡയറക്ടർ, സർവ്വേ & ലാന്റ് റവന്യൂ
5. ശ്രീമതി റ്റി. നിതാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ VI, XXVI എന്നിവയുടെ പരിധിയിൽ വരുന്ന ശീർഷകങ്ങളിലെ കണക്കിനങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

റവന്യൂ വകുപ്പിന് കീഴിലെ പൊതു ചെലവുകൾക്കുള്ള തുക ഈ വർഷവും പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതായും ആയത് തുടർന്നാൽ മുൻ വർഷങ്ങളിലേതുപോലെ തന്നെ നിർമ്മാണ പ്രവൃത്തികൾക്ക് ഈ വർഷവും പ്രതിസന്ധി നേരിടുമെന്നും മനസ്സിലാക്കിയ സമിതി റവന്യൂ വകുപ്പിന് കീഴിൽ 'ജനറൽ എക്സ്പെൻഡിച്ചർ' എന്ന നാമത്തിൽ ജനറൽ സർവ്വീസിൽ പുതിയൊരു ശീർഷകം അനുവദിക്കുവാൻ ശിപാർശ ചെയ്തു.

റിവർ മാനേജ് ഫണ്ട് ഉപയോഗിച്ച് വിവിധ ജില്ലകളിൽ നിർമ്മിച്ച പാലങ്ങളുടെ ശേഷിക്കുന്ന പണി പൂർത്തീകരിക്കുന്ന വിഷയം സംബന്ധിച്ച് വിശദമായുള്ള മറുപടി അടുത്ത സബ്ജക്ട് കമ്മിറ്റി യോഗത്തിൽ നൽകാമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ സമിതിയെ അറിയിച്ചു

## ധനാഭ്യർത്ഥന നമ്പർ XXVI—പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

2245-80-102-94—ഇന്ത്യയിൽ വെള്ളപ്പൊക്ക ഭീഷണി ഏറ്റവും കൂടുതൽ നേരിടുന്ന തെരഞ്ഞെടുത്ത 30 ജില്ലകളിൽ സാമൂഹിക സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിന് (ആപ്ത മിത്ര)-കോട്ടയം ജില്ല

ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് പ്രാദേശിക വോളന്റിയർമാരെ പരിശീലിപ്പിക്കുന്നതിനായുള്ള 'ആപ്തമിത്ര' എന്ന പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ 100-ഓളം പേരുടെ പരിശീലനം പൂർത്തിയായിട്ടുള്ളതും ബാക്കിയുള്ളവരുടെ പരിശീലനം പൂർത്തിയാക്കുന്നതിനായി തുക ആവശ്യമാണെന്നും മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ 22.70 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

കേന്ദ്ര ദുരന്ത നിവാരണ നിയമം-2005, സെക്ഷൻ 38(2)(ഡി) പ്രകാരം എല്ലാ വകുപ്പുകളും അവരവരുടെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക അതത് മേഖലകളിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തണമെന്ന് വ്യവസ്ഥ ചെയ്യിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, എല്ലാ വകുപ്പുകളും 10% തുക ആയതിനായി മാറ്റി വയ്ക്കണമെന്ന നിർദ്ദേശം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2016-ൽ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി, ഈ തുക പ്രസ്തുത മേഖലകളിലെ ദുരന്തനിവാരണത്തിന്റെ മുഖ്യധാരാവൽക്കരണത്തിനായി ഉപയോഗിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യു.

കൂടാതെ, കേന്ദ്ര സ്കീമുകൾ ലെജിസ്ലേറ്റീവ് ഫണ്ട് അല്ലാതെയുള്ള (MGNREG' പോലെയുള്ളവ) എല്ലാ കേന്ദ്ര സ്കീമുകളിലെയും 10% തുക ഫ്ലക്സി ഫണ്ടായി അതത് മേഖലകളിലെ ദുരന്ത ലഘൂകരണത്തിനായി മാറ്റി വയ്ക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ട്, എല്ലാ വകുപ്പുകളും 2019-2020 മുതൽ ആയത് നിർബന്ധമായും പാലിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യു.

തുടർന്ന് വിവിധ ജില്ലകളിലെ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ആയതിലേക്കുള്ള ലോകബാങ്ക് സഹായം, ഏർലി വാണിംഗ് സംവിധാനം, കോസ്റ്റൽ ബെൽറ്റുകൾ, ഷെൽട്ടറുകളുടെ നിർമ്മാണം എന്നിവയെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി വിശദാംശങ്ങൾ ആരാഞ്ഞു.

ധനാഭ്യർത്ഥന നമ്പർ XXVI—പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

2245-02-113-99—<u>വീടുകളുടെ കേടുപോക്കൽ/പുനർനിർമ്മാണം എന്നിവയ്ക്കുവേണ്ടി സഹായം</u>

വെള്ളപ്പൊക്കത്തിൽ തകർന്ന വീടുകളുടെ പുനർ നിർമ്മാണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലായെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 2019 മാർച്ച് 6-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 മാർച്ച് 6-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും

വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.
2. ശ്രീ. ടി. എ. അഹമ്മദ് കബീർ, എം.എൽ.എ.
3. ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. കെ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. വേണു. വി, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ(ദേവസ്വം) വകുപ്പ്
3. ശ്രീ. യു. വി. ജോസ്, ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ
4. ശ്രീ. എൻ. വാസു, കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
5. ശ്രീ. ശേഖർ എൽ. കര്യാക്കോസ്, മെമ്പർ സെക്രട്ടറി, ദുരന്തനിവാരണ അതോറിറ്റി
6. ശ്രീമതി റ്റി. നിതാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി, 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XI, XX, XXVIII, XXIX എന്നിവയുടെ പരിധിയിൽ വരുന്ന ശീർഷകങ്ങളിലെ കണക്കിനങ്ങളിൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

2053-00-093-99—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും</u>

ഔദ്യോഗിക വാഹനങ്ങൾ ഇല്ലാത്ത പുതിയതും പഴയതുമായ ആർ.ഡി.ഒ. ഓഫീസുകൾ, താലൂക്കുകൾ എന്നിവയ്ക്ക് 10 ലക്ഷം രൂപയിൽ കുറവുള്ള വാഹനങ്ങൾ

വാങ്ങുന്നതിന് നിലവിൽ സർക്കാർ ഉത്തരവായ തുക കൂടാതെ കൂടുതൽ തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

2053-00-093-98—സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

പുതുതായി രൂപീകരിച്ച റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്കുകൾ എന്നിവയുടെ പുനഃസംഘടനയുടെ പ്രാരംഭ ചെലവുകൾക്കായി നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 1.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

വിവിധ ജില്ലകളിൽ പ്രവൃത്തി ആരംഭിച്ചതും പണി പൂർത്തിയാകാത്തതുമായ പാലങ്ങളുടെ പണി പൂർത്തീകരിക്കുന്നതിനായി അടിയന്തരമായി നടപടി സ്വീകരിക്കണമെന്നാണ് ആർ.എം.എഫ്.-ന്റെ യോഗത്തിൽ തീരുമാനമെടുത്തതെന്നും ടി വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിയംഗത്തിന് ലഭ്യമാക്കേണ്ടതാണെന്നും ബഹു. സമിതി ചെയർമാൻ വകുപ്പുദ്യോഗസ്ഥരോട് നിർദ്ദേശിച്ചു

2250-00-101-99—സംസ്ഥാന ധർമ്മകാര്യം

തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിക്ക് നൽകുന്ന ഓണറേറിയം പ്രതിമാസം ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ അധികമായി 12,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന ഘട്ടത്തിൽ വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 19 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

**2250-00-102-99—1951-ലെ മദ്രാസ് എച്ച്. ആർ. & സി. ഇ. നിയമം നടപ്പാക്കൽ**
**01—ശമ്പളം**

ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് ജീവനക്കാരുടെ ശമ്പളം നൽകുന്ന പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 54 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

**2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന**

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധി, മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. 1-7-2014-ൽ ജീവനക്കാരുടെ പെൻഷനും ഗ്രാറ്റുവിറ്റിയും പരിഷ്കരിക്കുകയുണ്ടായെന്നും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേത്രജീവനക്കാരുടെയും പെൻഷൻ സമാനമായിരിക്കുന്ന അവസ്ഥയിലെ അനൗചിത്യം പരിഹരിക്കുന്നതിനായി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ 3,000 രൂപയിൽ നിന്ന് 6,000 രൂപയായി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 4.9999 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

**2250-00-103-86—ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്**

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക അപര്യാപ്തമായി വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തു വരുന്നതെന്ന് മനസ്സിലാക്കിയ സമിതി, ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള ധനസഹായം 1,100 രൂപയായി വിതരണം ചെയ്യേണ്ട നിലവിലെ സാഹചര്യത്തിലും പുതിയതായി വിവിധ ഡിവിഷനുകളിൽ ലഭിച്ചിട്ടുള്ള ധനസഹായ അപേക്ഷയിന്മേലുള്ള ചെലവിനായും ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 1.665 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

**2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്**

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായതിനാൽ പ്രസ്തുത

അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും അക്കാദമിയുടെ സകലവിധ പ്രവർത്തനത്തിനും, നടത്തിപ്പിനും തുക അധികമായി അനുവദിക്കേണ്ടതാണെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

2250-00-103-87—മലബാർ ദേവസ്വം ബോർഡ്

31—സഹായധനം-ശമ്പളം

36—സഹായധനം-ശമ്പളേതരം

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ചെലവുകളായ ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് അധികം തുക ആവശ്യമായി വരുമെന്നും ജീർണ്ണോദ്ധാരണ ഗ്രാന്റിന് മാത്രം 10 കോടി രൂപ ആവശ്യമായി വരുമെന്നും മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ ശമ്പള ഇനത്തിൽ 7 കോടിയും ശമ്പളേതര ഇനത്തിൽ 3.5020 കോടിയും ഉൾപ്പെടെ ഈ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 10.502 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

31—സഹായധനം-ശമ്പളം

36—സഹായധനം-ശമ്പളേതരം

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിവിധ തസ്തികകളിൽ പരീക്ഷ നടത്തുമ്പോൾ ആയതിനുള്ള ചെലവിനും കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതിനുള്ള ശമ്പള ചെലവിനുമായി കൂടുതൽ തുക ആവശ്യമായി വരുമെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

2250-00-103-98—കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും

വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തുക പ്രയാസമാണെന്നും മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 31.9999 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും, ശ്രീപണ്ടാരം വക ഫണ്ടിലേക്കും ഉള്ള സഹായം

തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിനും വാർഷിക വിഹിതം നൽകുന്ന ഈ ശീർഷകത്തിൽ 15 വർഷം മുമ്പുള്ള നിരക്കാണ് ഇപ്പോഴും നൽകി വരുന്നതെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 50 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

2250-00-103-82—വൈക്കം ക്ഷേത്ര കലാപീഠം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെകീഴിൽ വൈക്കത്ത് പ്രവർത്തിക്കുന്നതും ക്ഷേത്ര കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി രൂപം കൊടുത്ത ക്ഷേത്രകലാപീഠം എന്ന സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 49.9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

2250-00-103-89—വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

വഖഫ് എൻക്വയറി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം എറണാകുളം ഓഫീസ് കൂടാതെ 6 ഡിവിഷണൽ ഓഫീസുകളും 2 എക്സ്റ്റൻഷൻ കൗണ്ടറുകളും, കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ആരംഭിച്ചിട്ടുള്ളതുകൊണ്ട് ഭരണപരമായ ചെലവുകൾ വർദ്ധിച്ച സാഹചര്യമുള്ളതായി മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 7.28 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

2215-02-105-95—<u>ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം)</u>

ശബരിമലയിലും എരുമേലിയിലും മറ്റു പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാന കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, <u>ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 2 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.</u>

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

4551-60-800-99—<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, <u>ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 22 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.</u>

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 2019 മാർച്ച് 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 മാർച്ച് 14-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. ടി. എ. അഹമ്മദ് കബീർ, എം. എൽ. എ
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ
3. ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.
4. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.